For private circulation only

# ഇന്ത്യൻ ബ്രദറൺ

സത്യവചനത്തിന്റെ കാലോചിത സമർപ്പണം

ബ്രദറൺ ക്രിസ്ത്യൻ ചർച്ചസ് ഫെലോഷിപ്പ് പ്രസിദ്ധീകരണം | പുസ്തകം 1, ലക്കം 3, 2011 ജൂലൈ 20

# ഫിബാ കോൺഫറൻസ് 28 ന് ആരംഭിക്കും

● 8–ാ മത് സംഗമം ● ഡോ. ജോസഫ് മതുരം മുഖ്യപ്രഭാഷകൻ

**ഡിട്രോയിറ്റ് :** അമേരിക്കയിലെയും കാനഡായിലെയും മലയാളി ബ്രദറൺ കുടുംബങ്ങളുടെ ആത്മീയ സംഗമവേദിയായ ഫിബാ കോൺഫറൻസ് ഇത്തവണ ഡിട്രോയിറ്റിൽ നടക്കും. ജൂലൈ 28 മുതൽ 31 വരെ നടക്കുന്ന സമ്മേളനത്തിൽ ഡോ. ജോസഫ് മതുരം മുഖ്യ പ്രഭാഷകനാണ്. ജോൺ കുര്യൻ, ഡ്വയിറ്റ് നൈറ്റ്, ജോൺ ഗോർഡൻ, ജോർജ്ജ് കോശി, റെയ്ഗൊണാസലസ്, അനിയൻ വർഗ്ഗീസ് എന്നിവരും വിവിധ ശുശ്രൂഷകൾ നിർവ്വഹിക്കും.

സമയം തക്കത്തിൽ ഉപയോഗിപ്പിൻ എന്നതാണ് മുഖ്യചിന്താവിഷയം. കുട്ടികൾക്കും യുവാക്കൾക്കും മാതാപിതാക്കൾക്കും പ്രത്യേക



ഡോ. ജോസഫ് മതുരം, ജോൺ കുര്യൻ, ജോൺ ഗോർഡൻ, ജോർജ്ജ് കോശി, റെയ് ഗൊണാസലസ്, അനിയൻ വർഗ്ഗീസ്

സെഷനുകൾ ക്രമീകരിച്ചിരിക്കുന്നു.

ഇന്ത്യയിലെ ബ്രദറൺ സമ്മേളനങ്ങളിൽ ശക്തമായ ദൂതുമായി ദൈവകരങ്ങളിൽ ഉപയോഗപ്പെടുന്ന ഡോ. ജോസഫ് മതുരം ഫിബാ കോൺഫറൻസിന് അനുഗ്രഹമായിരിക്കും. മികച്ച ഓർത്തോപീഡിക് സർജനായ അദ്ദഹം തമിഴുനാട്ടിലെ തൃശിനാപ്പള്ളിയിൽ താമസിക്കുന്നു. ഫിബാ കോൺഫറൻസിൽ പങ്കെടുക്കുവാൻ മാത്രം അമേരിക്കയിൽ എത്തുന്ന അദ്ദേഹത്തിന്റെ ആദ്യസന്ദർശനവുമാണ്.

അമേരിക്കയിൽ ഇപ്പോൾ കോൺഫറൻസുകളുടെ കാലമാണ്. അവധിക്കാലം ആത്മീയ കാര്യങ്ങൾക്കായി വേർതിരിക്കുവാൻ അമേരിക്കൻ വിശ്വാസികൾ ശ്രദ്ധാലുക്കളാണ്. ഭാരതീയ കാഴ്ചപ്പാടുകൾക്ക് അപ്പുറത്തായി വളർന്നു നിൽക്കുന്ന ഈ സംസ്കാരം ആദരിക്കപ്പെടും. പരസ്പരം കാണുന്നതിനും അറിയുന്നതിനും കർത്താവിനെ ആരാധിക്കുന്നതിനും വചനവിരുന്നിനുമുന്നിൽ സമർപ്പിക്കുന്നതിനുമുള്ള വേദിയായി കോൺഫറൻസുകൾ രൂപമാറ്റം നേടുമ്പോൾ ആത്മീയ പുരോഗതിയും ഐക്യതയും താനെ ഒപ്പം ചേരും. സമയം തക്കത്തിൽ ഉപയോഗിക്കുന്നവരായി മാറുവാൻ ദൈവം നമ്മെ സഹായിക്കട്ടെ. ഫിബാ കോൺഫറൻസിന് ഇന്ത്യൻ ബ്രദറൺ വാർത്താ പത്രികയുടെ ആശംസകൾ

## മേഴ്സി ഹോം പ്രവർത്തനം വിപുലപ്പെടുത്തുന്നു

**കുമ്പനാട്:** പ്രായാധിക്യത്തിൽ അവഗണിക്കപ്പെടുന്നവർക്കുവേണ്ടി ബ്രദറൺ സമൂഹം ഒരുക്കിയിട്ടുള്ള മേഴ്സി ഹോം പ്രവർത്തനം വിപുലപ്പെടുത്തുന്നു. 1987 ൽ പുല്ലാട് വാടകഭവനത്തിൽ തുടക്കം കുറിച്ച മേഴ്സിഹോം രജതജൂബിലി വർഷത്തിൽ എത്തിയിരിക്കുന്നു. കരുതലും സംരക്ഷണവും ആവശ്യമുള്ള 9 പേരാണ് ഇപ്പോൾ അന്തേവാസികൾ. ഇതിൽ 5 പേർ പുരുഷന്മാരാണ്. തമിഴ്നാട്ടിൽ നിന്നുള്ളവരും ഹോമിലുണ്ട്. കാസർകോഡു നിന്നുള്ള സണ്ണി കുര്യൻ നൂറു വയസിന്റെ നിറവിലാണ്.

ബ്രദർ വി.റ്റി. മത്തായിയും ബ്രദർ തോമസ് എ. ഇട്ടിയും മേഴ്സി ഹോമിന്റെ പ്രാരംഭ പ്രസിഡന്റും സെക്രട്ടറിയും ആയിരുന്നു. 91 മുതൽ സ്വന്തം കെട്ടിടത്തിൽ പ്രവർത്തിക്കുന്ന മേഴ്സി ഹോം സ്ഥലപരിമിതി നേരിടുന്നു. ഭരണ സമിതിയിൽ ചർച്ച ചെയ്യപ്പെട്ടതിലൂടെ രണ്ടു കിടക്കമുറികളും അനുബന്ധ സൗകര്യങ്ങളും കൂടി നിർമ്മിക്കുന്നതിന് തീരുമാനമായി. 10 ലക്ഷം രൂപാ ചെലവ് പ്രതീ



ക്ഷിക്കുന്ന പണിയുടെ തുടക്കം മാർച്ച് 4 ന് സഹോ. ദാനിയേൽ വില്യംസ് പ്രാർത്ഥിച്ച് ആരംഭിച്ചു.

മേഴ്സി ഹോമിന്റെ ആവശ്യങ്ങൾ വായിച്ചറിഞ്ഞ നമ്മുടെ സഹോദരന്മാർ ചില മുറികൾ പണിതുകൊടുക്കുന്നതിനുള്ള താൽപര്യവുമായി മുന്നോട്ടു വന്നു. ഇടയാറന്മുള പേരങ്ങാട്ടു പടിക്കൽ പി.എ. ഉണ്ണൂണ്ണിയുടെ കൊച്ചുമകൻ പി. സാമുവേൽ തോമസിന്റെ വാഗ്ദാനത്തെ സമിതി സന്തോഷപൂർവ്വം സ്വീകരിച്ചു. 41 അംഗ ഭരണസമിതിയാണ് ഇപ്പോൾ മേഴ്സിഹോമിന്റെ ചുമതല വഹിക്കുന്നത്. മാനേജരായി സഹോ: കെ.പി. ബേബിയും മേട്രേൺ ആയി സിസ്റ്റർ ഏലിസബത്തും അനുദിന പ്രവർത്തനങ്ങൾക്ക് ചുമൽ കൊടുക്കുന്നു. നമ്മുടെ സമൂഹത്തിലെ ഈ സേവന ശുശ്രൂഷയെ പ്രാർത്ഥനയിൽ ഓർക്കയും വേണ്ട കൈത്താങ്ങൾ നൽകി നിലനിർത്തുകയും ചെയ്യുവാൻ താല്പര്യപ്പെടുന്നു.

**ഡോ. സി.എസ്. ഏബ്രഹാം**
*(സെക്രട്ടറി, മേഴ്സിഹോം)*

## മിഷനറി ജോയ് റ്റിൽസ്‌ലി ശുശ്രൂഷ തികച്ചു

● ആന്ധ്രയിലെ ഒടുവിലത്തെ വിദേശ മിഷനറി

തോമസ് രാജൻ, ബാംഗ്ലൂർ

**നർസപൂർ:** ആന്ധ്രയിലെ വിദേഷ മിഷനറിമാരുടെ ഒടുവിലത്തെ കണ്ണിയായ ജോയ് റ്റിൽസ്‌ലി കർതൃസന്നിധിയിൽ ചേർക്കപ്പെട്ടു. 57 വർഷം വികലാംഗരും അനാഥരുമായ പെൺകുട്ടികളുടെ മധ്യേ പ്രവർത്തിച്ചു. കഴിഞ്ഞ ജൂലൈ 4 ന് 83–ാം വയസിൽ കർതൃസന്നിധിയിൽ ചേർക്കപ്പെട്ടു. 1836 ൽ ഇംഗ്ലണ്ടിൽ നിന്നും ആന്ധ്രയിലെ ഗോദാവരിയിലെത്തിയ ബ്രൗഡനും ഭാര്യയുമാണ് ആദ്യമിഷനറിമാർ. 175 വർഷങ്ങൾക്ക് പിറകിൽ ആന്ധ്രയോടുള്ള ആത്മഭാരം നെഞ്ചിലേറ്റി പിറന്ന നാടിന്റെ സുഖവും സൗകര്യങ്ങളും അവർ ഉപേക്ഷിക്കുകയുണ്ടായി. തുടർന്നുവന്ന നാല്പതോളം വർഷങ്ങളിൽ ഇംഗ്ലണ്ട്, ആസ്ട്രേലിയ, ന്യൂസിലാണ്ട് എന്നീ സ്ഥലങ്ങളിൽ നിന്ന് നിരവധി പേർ ആന്ധ്രയിലെത്തി. മിഷനറിമാർ വചനാദ്ധ്യാപകരും മെഡിക്കൽ ഡോക്ടറന്മാരും നേഴ്സസും സ്കൂൾ അദ്ധ്യാപകരും ആയിരുന്നു. അവർ താമസിച്ച ഇടങ്ങളിലെല്ലാം ദൈവസ്നേഹം പങ്കുവയ്ക്കുവാൻ ഏറെ ശ്രദ്ധിച്ചിരുന്നു.

ഗോദാവരിയിലെ ഒടുവിലത്തെ മിഷനറി ആയിരുന്ന റ്റിൽസ്‌ലി ഇൻ



ഡ്യയിൽത്തന്നെയാണ് ജനിച്ചത്. റ്റിൽസ്‌ലിയുടെ മാതാപിതാക്കളും അവരുടെ മാതാപിതാക്കളും ബ്രദറൺ മിഷനറിമാരായി ഭാരതത്തിൽ സേവനം ചെയ്തിരുന്നു. എന്നാൽ റ്റിൽസ്‌ലി തന്റെ പ്രാഥമിക വിദ്യാഭ്യാസവും കോളേജും ഇംഗ്ലണ്ടിലായിരുന്നു. ഓക്സ്ഫോർഡ് യൂണിവേഴ്സിറ്റിയിൽ നിന്നും എം.എ. നേടിയ താൻ നർസാപ്പൂരിലേക്ക് പ്രേഷിതദൗത്യത്തിനായി സമർപ്പിച്ചു. ആയിരക്കണക്കിന് ദരിദ്രപെൺ

ശേഷം പേജ് 6ൽ

## വൈ. എം. ഇ. എഫ് പ്രാർത്ഥനാ സമ്മേളനം

**മണ്ണാരത്തറ:** സൗത്ത് ഡിവിഷൻ വൈ. എം. ഇ. എഫിന്റെ പ്രാർത്ഥനാസമ്മേളനം മണ്ണന്തല ബ്രദറൺ ചർച്ചിൽ ജൂലൈ 31 ഞായർ 3: 30ന് നടക്കും. ബ്രദർ ജോയ് ഫിലിപ്പ് സന്ദേശം നല്കും. വൈ. എം. ഇ. എഫിന്റെ വിവിധ പ്രവർത്തനങ്ങൾ, ബ്രദറൺ സമൂഹത്തിന്റെ വിവിധ ആവശ്യങ്ങൾ, സമൂഹം നേരിടുന്ന പ്രതിസന്ധികൾ ഇവയ്ക്കായി ദൈവജനം പ്രാർത്ഥിക്കുവാൻ കൂടി വരുന്ന ഈ സമ്മേളനത്തിൽ എല്ലാ സഹോദരന്മാരും പങ്കെടുക്കുവാൻ ഉത്സാഹിക്കുക.

**പ്രൊഫ. എം.ജെ. കുര്യൻ, 9495605722**

## എസ്.ബി.എസ്. ജനറൽ ക്യാമ്പ് സെപ്റ്റംബർ 6 ന് ആരംഭിക്കും

● ചിന്താവിഷയം: ദൈവത്തിന്റെ നിഷ്കളങ്ക മക്കളാകവുക ● 800 ബാലസംഘാഗംങ്ങൾ പങ്കെടുക്കും

**പുത്തൻകാവ്:** സുവിശേഷകൻ ബാലസംഘത്തിന്റെ ചുമതലയിൽ ജനറൽ ക്യാമ്പ് സെപ്റ്റംബർ 6 – 10 വരെ പുത്തൻകാവ് ബാലസംഘം ക്യാമ്പ് സെന്ററിൽ നടക്കും. സെപ്റ്റംബർ 6ന് വൈകുന്നേരം 6.30ന് നടക്കുന്ന ഉദ്ഘാടനസമ്മേളനത്തിൽ പ്രൊഫ. പി.പി. സ്കറിയ അദ്ധ്യക്ഷത വഹിക്കും. ആൽബെർട്ട് സുനിൽ മുഖ്യസന്ദേശം നല്കും.

5 മുതൽ 16 വയസ്സുവരെയുള്ള വിദ്യാർത്ഥികൾക്ക് പങ്കെടുക്കാം. സെന്റർ സെക്രട്ടറിമാർ വഴി ആഗസ്റ്റ് 20ന് മുമ്പായി പേര് രജിസ്റ്റർ ചെയ്യേണ്ടതാണ്. 800 പേർക്ക് ഇത്തവണത്തെ ക്യാമ്പിൽ പങ്കെടുക്കാനുള്ള ക്രമീകരണം ചെയ്തിട്ടുണ്ട്. ഒരാൾക്ക് 800 രുപയോളം ചെലവ് പ്രതീക്ഷിക്കുന്നെങ്കിലും 150 രുപാ മാത്രം ആയിരിക്കും ക്യാമ്പ് ഫീസ്.

ഉത്തരവാദിത്തപ്പെട്ട സഹോദരീ സഹോദരന്മാരുടെ ചുമതലയിൽ ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേക താമസസൗകര്യം ക്രമീകരിച്ചിട്ടുണ്ട്. സംഗീതം, കഥ, വേദവിജ്ഞാനം, വേദപരിചയം, കവിത, പ്രസംഗം എന്നിവയിൽ നാലു ഗ്രൂപ്പുകൾക്കും നിബന്ധനകൾക്ക് വിധേയമായി മത്സരം ഉണ്ടായിരിക്കും.

ദൈവത്തിന്റെ നിഷ്കളങ്കമക്കളായിരിപ്പീൻ (ഫിലി. 2: 14) എന്ന ചിന്താവിഷയത്തെ അടിസ്ഥാനമാക്കിയുള്ള പഠനങ്ങളും സന്ദേശങ്ങളും പ്രഗത്ഭരായ ദൈവദാസന്മാർ നല്കും. ആൽബേർട്ട് സുനിൽ, ജോയ് ജോൺ, ഡോ. ജോൺ ഏബ്രഹാം, പ്രൊഫ. മാത്യുസ് ഏബ്രഹാം, ഡോ. ജോൺസൻ സി. ഫിലിപ്പ്, കെ. വി. മാത്യു, ഏബ്രഹാം തോമസ് പുല്ലാട്, ചാൾസ് ജോൺ, ഏബ്രഹാം തോമസ് (കൊച്ചി), ബിനു സാമുവേൽ തുടങ്ങിയ നിരവധി പ്രവർത്തകർ നേതൃത്വം നല്കും. മാതാപിതാക്കൾക്കായി 8 വ്യാഴം രാവിലെ വിശേഷാൽ സമ്മേളനം ഉണ്ടായിരിക്കും. 1953ൽ ആരംഭിച്ച സുവിശേഷകൻ ബാലസംഘം 57 സുദീർഘ വർഷങ്ങൾ പിന്നിടുകയാണ്. ആയിരക്കണക്കിന് കുഞ്ഞുങ്ങൾക്ക് ആത്മീയമാർഗ്ഗനിർദ്ദേശം നല്കുവാൻ ഇതിനോടകം ബാലസംഘത്തിന് കഴിഞ്ഞിട്ടുണ്ട്. ഒട്ടേറെ ആത്മീയ പ്രവർത്തകരെ സമ്മാനിക്കുവാനും ഈ മുന്നേറ്റത്തിന് സാധിച്ചിട്ടുണ്ട്. പ്രവർത്തനങ്ങളുടെ വിജയകരമായ നടത്തിപ്പിന് ദൈവജനത്തിന്റെ പ്രാർത്ഥനയും സഹകരണവും അനിവാര്യമാണ്.

എഡിറ്റോറിയൽ



# കർത്താവിനോടു പഠിക്കുക...

ഗിരിപ്രഭാഷണത്തിനുശേഷം നമ്മുടെ കർത്താവ് ശുശ്രൂഷയിൽ വ്യാപൃതനായപ്പോൾ ചെയ്ത ഒരു പ്രസ്താവനയാണ് എന്നോട് പഠിപ്പിൻ എന്നത് (മത്തായി 11:29). ആഴമേറിയ അർത്ഥങ്ങൾ ഇതിൽ ഉൾക്കൊള്ളുന്നുണ്ട്. എന്റെ ഉപദേശങ്ങൾക്കപ്പുറം എന്റെ ജീവിതവും പഠിക്കുക. കേവലം ഞാൻ ഉപദേശിക്കുന്നവൻ മാത്രമല്ല. എന്റെ ജീവിതം അവയുടെ പ്രായോഗികതയാണ്.

യേശുക്രിസ്തു ജീവിത കാലത്ത് ആരെയും വാക്കുകൾ കൊണ്ട് മുറിവേല്പ്പിച്ചിട്ടില്ല. മറ്റുള്ളവരെ വേദനിപ്പിക്കുവാനോ പരിഹസിക്കുവാനോ മുതിർന്നിട്ടില്ല. പറയുന്ന ഓരോ വാക്കിലും മിതത്വവും നിയന്ത്രണവും പുലർത്തിയിരുന്നു. ചില ഉദാഹരണങ്ങൾ ശ്രദ്ധിക്കുക. യഹൂദന്മാർ അവനോട് നീ ഒരു ശമര്യൻ, നിനക്ക് ഭൂതമുണ്ട് എന്ന് പറഞ്ഞു. അതിന് യേശു, എനിക്ക് ഭൂതമില്ല. യോഹന്നാൻ 8:48 –ൽ രണ്ട് ആരോപണങ്ങൾ യഹൂദർ ഉന്നയിക്കുന്നു.നീ ഹീനജാതിയിൽപ്പെട്ടവനും ഭൂത ബാധിതനുമാണ്. കർത്താവ് രണ്ടാമത്തെ ആരോപണത്തിന് മാത്രം മറുപടി പറയുന്നു. എനിക്കു ഭൂതമില്ല.

> നമ്മുടെ വാക്കുകളും പ്രസംഗങ്ങളും എഴുത്തുകളും സന്ദേശങ്ങളും ആധുനിക സങ്കേതിക വിദ്യകളുടെ ഉപയോഗവും കൃപയോടു കൂടിയതും ഉപ്പിനാൽ രുചി വരുത്തിയതും ആയിരിക്കട്ടെ

ഒരു ജാതിയെ ഒന്നാകെ ആക്ഷേപിക്കുന്നു ആദ്യത്തെ ആരോപണത്തിന് അവൻ മന:പൂർവ്വം മൗനം ഭജിച്ചു. കുല മഹിമയും ഗോത്ര പാരമ്പര്യവുമൊക്കെ പറഞ്ഞുകൊണ്ട് ഉന്നത കുല ജാതനാണെന്നും ശമര്യരെപ്പോലെ ഹീനജാതി അല്ലായെന്നും അവന് സ്ഥാപിക്കാമായിരുന്നു. എന്നാൽ തന്റെ ശ്രോതാക്കളിൽ ശമര്യക്കാർ ആരെങ്കിലും ഉണ്ടെങ്കിൽ തന്റെ വാക്കുകളാൽ മുറിവേൽക്കപ്പെടരുതെന്ന് കർത്താവ് ആഗ്രഹിച്ചു. ഇങ്ങനെ ഒരു സാഹചര്യത്തിൽ നാം ആയിരുന്നെങ്കിൽ നമ്മുടെ കുടുംബ മഹിമയും പാരമ്പര്യവുമെക്കെ ഉയർത്തിക്കാട്ടുവാൻ മടി കണിക്കുമായിരുന്നില്ല.

മത്തായി 11 ന്റെ പ്രാരംഭ വാക്യങ്ങളിൽ മശിഹ ആണോ എന്ന് സംശയവുമായി യോഹന്നാൻ സ്നാപകനെയും ശിഷ്യന്മാരെയും കാണുന്നു. ഈ സംശയത്തിനു മുമ്പിലും കർത്താവ് ശാന്തമായി പ്രതികരിക്കുന്നു. ലോകത്തിന്റെ പാപത്തെ ചുമക്കുന്ന ദൈവത്തിന്റെ കുഞ്ഞാട് ഞാനാണ് എന്ന് നീ പറഞ്ഞില്ലേ? ഞാൻ വളരണം നീയോ കുറയേണം എന്നു പറഞ്ഞത് നീ തന്നെയല്ലേ? ജോർദ്ദാനിൽ എന്നെ സ്നാനപ്പെടുത്തിയപ്പോൾ പരിശുദ്ധാത്മാവിന്റെ സാന്നിദ്ധ്യവും സ്വർഗ്ഗത്തിൽനിന്ന് പിതാവിന്റെ ശബ്ദവും നീ കേട്ടതല്ലേ?- എന്നൊക്കെ ചോദിച്ച് അവരെ ശാസിക്കാവുന്ന സ്ഥാനത്ത് സംയമനത്തോടും സ്നേഹത്തോടും കൂടെ കർത്താവ് പ്രതികരിക്കുന്നു. തന്നെയുമല്ല സ്നാപക യോഹന്നാൻ സ്ത്രീകളിൽ നിന്ന് ജനിച്ചവരിൽ ഏറ്റവും ശ്രേഷ്ഠനാണെന്നുകൂടി പറയുന്നു. നമ്മെ അവിശ്വസിക്കുകയും പരിഹസിക്കുകയും ചെയ്താൽ നമ്മുടെ പ്രതികരണം എങ്ങനെയായിരിക്കും?

മത്തായി 14: 30 ൽ കടലിനുമീതെ നടക്കുകയും മുങ്ങുവാൻ തുടങ്ങുകയും ചെയ്യുന്ന പത്രോസിനെ കൈനീട്ടിപ്പിടിച്ച് ഉയർത്തുന്ന രംഗം നാം കാണുന്നു. ദൈവപുത്രനായ എന്നെപ്പോലെ കടലിൽ നടക്കുന്നതിന് കേവലം മനുഷ്യനായ നീ എന്തിന് ആഗ്രഹിച്ചുഎന്ന് കുറ്റപ്പെടുത്തുകയോ, എന്നിൽ നിന്ന് നോട്ടം തെറ്റി പരിസരങ്ങളിലേക്ക് നോക്കുവാൻ തുടങ്ങിയതുകൊണ്ടല്ലേ മുങ്ങിപ്പോയത് എന്ന് ശാസിക്കുകയോ, നീ എന്നും എടുത്തു ചാട്ടക്കാരനാണ് എന്ന് ആക്ഷേപിക്കുകയോ ചെയ്യുന്നില്ല. കൂട്ടുവിശ്വാസികളോ ശുശ്രൂഷകന്മാരോ വീഴുന്നതു കണ്ട് ഉള്ളിൽ സന്തോഷിക്കുകയും മറ്റുള്ളവരോട് പങ്കുവെച്ച് നാം ആനന്ദിക്കുകയും ചെയ്യാറില്ലേ? നമ്മുടെ കർത്താവിന്റെ ഭാവം നമ്മിൽ ഉണ്ടായിരിക്കട്ടെ.

പ്രിയ ദൈവജനമേ, നമ്മുടെ കർത്താവിന്റെ മഹദ്ജീവിതത്തിൽ ഇതുപോലുള്ള അനേക രംഗങ്ങൾ ഉണ്ട്. കേവലം മൂന്നര വർഷത്തെ പരസ്യശുശ്രൂഷയിൽ അവൻ കാണിച്ച മാതൃക എത്രയോ ശ്രേഷ്ഠം! എന്നോട് പഠിപ്പിൻ എന്നു പറയുന്നതിന് തൊട്ട് മുമ്പ് കർത്താവ് ഒരു കാര്യംകൂടി പറഞ്ഞു. ഞാൻ സൗമ്യതയും താഴ്മയും ഉള്ളവനാകുന്നു, ആകയാൽ നിങ്ങൾ എന്റെ നുകം ഏൽക്കുക. ഇത് ഒരു കല്പനയാണ്. സൗമ്യതയും താഴ്മയും ഉണ്ടെങ്കിൽ മാത്രമേ കർത്താവിന്റെ സ്വഭാവം നമ്മിൽ വെളിപ്പെടു.

യാക്കോബ് 3–ാം അദ്ധ്യായത്തിൽ കൂട്ടുസഹോദരനെ നിന്ദിക്കരുത് എന്നും അവർക്കെതിരെ സംസാരിക്കരുത് എന്നും ശക്തമായി ഉദ്ബോധിപ്പിക്കുന്നു. നിങ്ങൾക്ക് ഹൃദയത്തിൽ കയ്പുള്ള ഈർഷ്യയും ശാഠ്യവും ഉണ്ടെങ്കിൽ സത്യത്തിനു വിരോധമായി പ്രശംസിക്കുകയും ഭോഷ്ക്ക് പറയുകയുമരുത്. ഇത് ഉയരത്തിൽ നിന്ന് വരുന്ന ജ്ഞാനമല്ല ഭൗതികവും പ്രാകൃതവും പൈശാചികവും ആയതത്രെ. യാക്കോബ് 3:14- 17. നമ്മുടെ വാക്കുകളും പ്രസംഗങ്ങളും എഴുത്തുകളും ആധുനിക സങ്കേതിക വിദ്യകളുടെ ഉപയോഗവും സന്ദേശങ്ങളും കൃപയോടു കൂടിയതും ഉപ്പിനാൽ രുചി വരുത്തിയതും ആയിരിക്കട്ടെ (കൊലോ 4:6). മൗഢ്യ തർക്കങ്ങളിൽ നിന്നും കലഹങ്ങളിൽ നിന്നും ഒഴിഞ്ഞു നിൽക്കാം (തീത്തോസ് 3:9). നമ്മുടെ കർത്താവിൽ നിന്ന് നമുക്ക് പഠിക്കാം.

നമ്മുടെ സമയ വിനിമയത്തിലും നാം കണക്കു ബോധിപ്പിക്കേണ്ടിവരും. അത് ഉചിതമാംവണ്ണം സുവിശേഷത്തിന്റെ അഭിവൃദ്ധിക്കും ദൈവരാജ്യത്തിന്റെ കെട്ടു പണിക്കും ഉപയോഗിക്കുവാൻ ദൈവത്തിന്റെ പരിശുദ്ധാത്മാവ് നമ്മെ സഹായിക്കുമാറാകട്ടെ. വിധിക്കപ്പെടാതിരിപ്പാൻ ഒരുവന്റെ നേരെ ഒരുവൻ ഞരങ്ങിപ്പോകരുത്. ന്യായാധിപതി വാതിൽക്കൽ നിൽക്കുന്നു. (യാക്കോബ് 5:9)

**പി. ഇ. സാംകുട്ടി**




ദേവാലയപ്രതിഷ്ഠയിൽ ശലോമോൻ ദൈവത്തോട് ഒരു ചോദ്യം ചോദിക്കുന്നുണ്ട്. “ദൈവം യഥാർത്ഥമായി ഭൂമിയിൽ മനുഷ്യരോടു കൂടെ വസിക്കുമോ?” അസാദ്ധ്യം. പഴയനിയമ പശ്ചാത്തലത്തിൽ ദൈവത്തെ കാണുകയെന്നത് വിദൂരഭാവിയിൽപോലും നടക്കാത്ത സ്വപ്നമായിരുന്നു. ദൈവവും മനുഷ്യനും തമ്മിലുള്ള അകലം അത്രയ്ക്ക് അധികമായിരുന്നു. ദൈത്തിന്റെ നാമം നാവിൽ ഉച്ചരിക്കുവാൻ ഭയപ്പെട്ടിരുന്ന കാലം. ദൈവത്തിന്റെ മനുഷ്യരോടുകൂടെയുള്ള വാസം വെറും ചിന്തകളായോ തമാശയായോ അക്കാലത്ത് മനുഷ്യർ ചിന്തിച്ചിരുന്നു.

ദൈവത്തിന്റെ സാന്നിദ്ധ്യം ആഗ്രഹിച്ചിരുന്ന അനേക പഴയനിയമ വിശുദ്ധന്മാരെ കാണുന്നുണ്ട്. അവരൊക്കെ അതിനായി ദൈവത്തോടു തന്നെ അപേക്ഷിക്കുകയും ചെയ്തിട്ടുണ്ട്. മോശയുടെ സന്നിഗ്ദഘട്ടത്തിൽ ദൈവസാന്നിദ്ധ്യത്തിനായി കൊതിക്കുകയും കൂടെ പോരുന്നില്ലെങ്കിൽ ഒരടി മുന്നോട്ടു വയ്ക്കില്ലെന്ന നിർബന്ധവും അവൻ പ്രകടപ്പിക്കുന്നു. ദൈവമഹത്വം ഭാഗീകമായി മോശെയെ കാണിക്കുകയും ദൈവസാന്നിദ്ധ്യത്തിന്റെ പൂർണ്ണസൗന്ദര്യം ആർക്കും ഒരു കാലത്തും ദർശിക്കുവാൻ കഴിയില്ലെന്ന സത്യം ദൈവം പ്രസ്താവിക്കുകയും ചെയ്യുന്നു.

ദൈവത്തെ ആരാധിക്കുവാനായി ജനത്തെ ആഹ്വനം ചെയ്യുന്ന ആസാഫ് മുഖ്യകാരണമായി പറയുന്നത് ഇപ്രകാരമാണ് “ദൈവസാന്നിദ്ധ്യം അടുത്തിരിക്കുന്നു”. (സങ്കി. 75: 1, പുതിയ വിവർത്തനത്തിൽ നാമം എന്ന വാക്കിനു പകരമായി സാന്നിദ്ധ്യം എന്നാണ് ഉപയോഗിച്ചിരിക്കുന്നത് NET Bible). അകലങ്ങളിൽമാത്രം കഴിഞ്ഞിരുന്ന ദൈവസാന്നിദ്ധ്യത്തിന്റെ മാധുര്യം അനുഭവിച്ചറിഞ്ഞ ആസാഫിന്റെ ഹൃദയം ഇപ്പോൾ സ്തുതികളിൽ നിറയുകയാണ്.

മശിഹയെക്കുറിച്ചുള്ള പ്രവചനങ്ങളിൽ സുപ്രധാനമായ ഒരു യാഥാർത്ഥ്യം വെളിപ്പെടുത്തുന്നുണ്ട്. അവിടുന്ന് മനുഷ്യരോടുകൂടെ വാസം ചെയ്യുമെന്ന്. അവിടുത്തെ നാമം ഇമ്മാനുവേൽ. ദൈവം മനുഷ്യരോടുകൂടെ എന്ന് അർത്ഥം. ശലോമോന്റെ ചോദ്യത്തിന് പഴയനിയമകാലത്തിൽ അസാദ്ധ്യം എന്നാണ് ഉത്തരമെങ്കിൽ ഈ കൃപായുഗത്തിൽ സാദ്ധ്യം എന്ന് ദൈവം തന്നെ തിരുത്തിക്കുറിക്കുന്നു. മനുഷ്യനോടുള്ള കൃപയുടെ മഹത്വമാണ് ദൈവം യഥാർത്ഥമായി മനുഷ്യരോടുകൂടെ വസിക്കുന്നു എന്നുള്ളത്.

സ്വർഗ്ഗാധി സ്വർഗ്ഗങ്ങളിൽ ഉൾക്കൊള്ളുവാൻ കഴിയാത്ത ദൈവം കാലത്തിന്റെയും സമയത്തിന്റെയും പരിമിതികൾക്കുള്ളിൽ ഒതുങ്ങിക്കൂ




ടുകയാണ്. ഇമ്മാനുവേലായി. മനുഷ്യജീവിതങ്ങൾക്ക് ഒരിക്കലും മനസ്സിൽപോലും ചിന്തിക്കുവാൻ കഴിയാത്ത ദൈവസാന്നിദ്ധ്യബോധം ക്രിസ്തുവിലൂടെ സാധ്യമാകുകയാണ്. ഏദൻ പറുദീസയിൽ നഷ്ടമായ സാന്നിദ്ധ്യത്തിന്റെയും സൗഹൃദത്തിന്റെയും സന്തോഷം ക്രിസ്തുവിലൂടെ വീണ്ടെടുക്കുകയാണ്, ഭൂമിയിൽ ജാതനായതിലൂടെ. ദൈവസാന്നിദ്ധ്യത്തിന്റെ കരസ്പർശം ലോകമെങ്ങും വ്യത്യസ്തമായ രീതിയിൽ അനുഭവയോഗ്യമായി.


മശിഹയുടെ ക്രൂശിലെ യാഗം ദൈവസാന്നിദ്ധ്യം മനുഷ്യനിലേക്ക് പകർന്നുനൽകുകയായിരുന്നു. ദൈവവും മനുഷ്യനും തമ്മിലുള്ള വേർപാടിന്റെ നടുചുവർ ഇടിച്ചുകളയുകയായിരുന്നു. ദൂരത്തുള്ളവരെ ദൈവസാന്നിദ്ധ്യത്തിന്റെ സന്തോഷത്തിലേക്ക് കൂട്ടിക്കൊണ്ടുവരികയായിരുന്നു. ക്രൂശിലൂടെ സാദ്ധ്യമായ ഈ സാന്നിദ്ധ്യപ്രഭ തന്നെയാണ് നമ്മുടെ രക്ഷയുടെ അടിസ്ഥാനവും.

ഉയിർത്തെഴുന്നേറ്റ് ശിഷ്യഗണത്തിന് മഹാനിയോഗം നല്കുമ്പോൾ കൂടെ സാന്നിദ്ധ്യത്തിന്റെ ഉറപ്പും ആശ്വാസമായി, സാന്ത്വനമായി യേശു നല്കുകയാണ്. “ലോകാവസാനത്തോളം എല്ലാനാളും ഞാൻ നിങ്ങളോടുകൂടെ ഉണ്ട്” എന്നു അവിടുന്ന് അരുളിചെയ്തു മത്തായി 28:20. ദൈവസാന്നിദ്ധ്യത്തെക്കാളും മനുഷ്യന്റെ ഉൾവാഞ്ച മറ്റെന്തിനാണുള്ളത്? പാപം മൂലം നഷ്ടപ്പെട്ടതും ഇതു തന്നെയല്ലെ? ആ സാന്നിദ്ധ്യത്തിന്റെ പ്രമോദത്തിലേക്കുള്ള ക്ഷണമാണ് വീണ്ടെടുപ്പിന്റെ ദൗത്യം. അതാണ് ക്രൂശിൽ സാദ്ധ്യമായതും.

നമ്മുടെ പ്രതിസന്ധികളുടെ മുന്നിൽ ഓടി ഒളിക്കുന്നവനല്ല ദൈവം. മനോധൈര്യം കെടുമ്പോൾ മാറിനില്ക്കുന്നവനുമല്ല ദൈവം. ഏകാന്തതയുടെയും കൈവിടപ്പെടലിന്റെയും സമയത്ത് കൈ കൊട്ടിച്ചിരിക്കുന്നവനല്ല ദൈവം.

കൂടെ ആരുമില്ലെന്ന നിലവിളിയിൽ ഞാനുണ്ട് എന്ന മൃദുസ്വരവും സ്നേഹസ്പർശവും നല്കി അടുത്തുള്ളവനാണ് കർത്താവ്. അവിടുത്തെ സാന്നിദ്ധ്യത്തെ നമുക്ക് വിലമതിക്കാം. ഒരു വേളപോലും അവധി നല്കാതെ അവിടുന്ന് എപ്പോഴും നമ്മോടുകൂടെയുണ്ട്. “ദൈവം യഥാർത്ഥമായി ഭൂമിയിൽ മനുഷ്യരോടുകൂടെ വസിക്കുമോ?” വസിക്കും. ഇമ്മാനുവേലായി. നമ്മോടൊപ്പം. എന്നേക്കും.





## കത്തുകൾ പ്രതികരണങ്ങൾ

### വ്യത്യസ്തത പുലർത്തുന്നു

*പ്രിയ സഹോദരാ,*

അയച്ചിരുന്ന പുതിയ ക്രൈസ്തപ്രസിദ്ധീകരണം ഇന്ത്യൻ ബ്രദറൺ ലഭിച്ചു. പ്രാർത്ഥനയോടെ വായിച്ചു. മിഴിവുള്ള നല്ല ഭാഷയിൽ കലർപ്പില്ലാത്ത ക്രിസ്തീയ ചിന്തകൾ അവതരിപ്പച്ചിരിക്കുന്നു. ബ്രദറൺ സഭാ വിശ്വാസികളായ കുറേ ആളുകൾ ഈ ലൈബ്രറിയോട് സഹകരിക്കുന്നുണ്ട്. വ്യത്യസ്തത പുലർത്താൻ കഴിയുന്ന ഈ നിലവാരമുള്ള പത്രികയുടെ ഓരോ കോപ്പി തുടർന്നും ലൈബ്രറിക്ക് ലഭ്യമാക്കാൻ അപേക്ഷിക്കുന്നു.

*സണ്ണി സ്റ്റീഫൻ, കാരക്കോണം*

### സങ്കടങ്ങളുടെ മഹാപ്രഭു

*ബഹു പത്രാധിപർക്ക്,*

മാസിക ലഭിച്ചു. നന്ദി അറിയിക്കുന്നു. അൽഫാ ഗ്ലോറിയസിന്റെ സങ്കടങ്ങളുടെ മഹാപ്രഭു നന്നായിരുന്നു. എന്നാൽ അതിൽ കൊടുത്തിരുന്ന ചിത്രം കുട്ടികൾക്കേ പ്രയോജനപ്പെടു. അതിന്റെ സ്ഥാനത്ത് ഏതെങ്കിലും കുറിപ്പോ പരസ്യമോ കൊടുത്തിരുന്നെങ്കിൽ നന്നായിരുന്നു.

*റ്റി. കെ. പീറ്റർ ചീരാൽ*

### അവതരണഭംഗി

ഇൻഡ്യൻ ബ്രദറൺ,

മാസിക ലഭിച്ചു. വളരെ നല്ല ലേഖനങ്ങളും അവതരണവും ഭംഗിയായിരിക്കുന്നു. എല്ലാ സഭകളിലും കോപ്പികൾ എത്തിച്ചേരണം.

*യേശുദാസ്, ദേവികുളം.*

### ബ്രദറൺകാർ അറിയപ്പെടട്ടെ

സർ,

ബ്രദറൺ സഭകളെയും വിശ്വാസികളെയും അറിയുന്നതിനും ആത്മിക പ്രമാണങ്ങളിൽ ഉറച്ചുനിൽക്കുവാനും കാലത്തിന്റെ ഒരാവശ്യമാണ് ഇൻഡ്യൻ ബ്രദറൺ. വളരെ നല്ല മാസിക. എല്ലാ കുടുംബങ്ങളിലും എത്തിച്ചേരുവാൻ ഇടയാകട്ടെ.

*സി. റ്റി. കുര്യാത്ത്, തൃശ്ശൂർ*

### പരസ്യവും ആകാം

*ചീഫ് എഡിറ്റർക്ക്, വന്ദനം*

വേർപെട്ട ദൈവജനം എന്തു വിശ്വസിക്കുന്നു, പഠിപ്പിക്കുന്നു. എന്നത് തുടർച്ചയായി മാസികയിൽ എഴുതണം. സഭാപരസ്യങ്ങൾ ഇടണം, പണവും വാങ്ങണം.

*കെ.വി.ഐസക്ക്, പീച്ചി*

### മികച്ച എഴുത്തുകാർ ആവശ്യം

*പത്രാധിപകർക്ക്,*

ഇൻഡ്യൻ ബ്രദറൺ ലഭിച്ചു. ഉപദേശത്തോടു കൂറും വചനനിശ്ചയവുമുള്ള എഴുത്തുകാർ എഴുതുന്നതിൽ ശ്രദ്ധിച്ചാലും. നിശ്ചയമായും ഈ ശുശ്രൂഷ ഭംഗിയായി മുന്നോട്ടു പോകും.

*എം.വി. തോമസ്, അടൂർ*

EDITORIAL BOARD
P. E. Samkutty
**(Chief Editor)**
C. T. Johnykutty
(**Editor**, Malayalam Division)
Dr. Johnson C. Philip
(**Editor**, English Division)
Lijo Angamaly
V. M. John
Varkey George
**(Treasurer)**

ADVISORY BOARD
M. M. Zachariah
Prof. P. P. Skariah
M. A. Joy
Chandapilla Philip
M. M. Andrews
K. A. Phillip
K. P. George
Thomas Chandy
Prof. Jacob Thomas
V. K. Mathew
P. P. Mathew
M. P. Godly
Silas C. Nair
V. Kuriakose
P. P. George
A. O. Thomas
C. P. Aniyan
K. V. Isaac
**REPRESENTATIVES**
K. Philipkutty, Deira
Samuel Thomas, Abu Dhabi
M.V. Sunny, Dubai
Tiji Thomas, Sharjah

# പൗലോസ് സ്വർഗ്ഗീയ പൗരനും റോമാപൗരനും

വി.എം. ജോൺ തൃശൂർ

**അ**പ്പോസ്തലനായ പൗലോസിന്റെ പൗരത്വം സ്വർഗ്ഗത്തിലാണ് എന്ന് വ്യക്തമാക്കുന്ന വചനം ആണ് ഫിലിപ്യർ 3 : 20; നമ്മുടെ പൗരത്വമോ സ്വർഗ്ഗത്തിലാകുന്നു.

ഒരു സ്വർഗ്ഗീയ പൗരൻ ഏതെങ്കിലും ഒരു രാഷ്ട്രത്തിന്റെ പൗരനും കൂടിയാണ്. പൗലോസ് റോമാ പൗരനായിരുന്നു. സ്വർഗ്ഗീയ പൗരനെന്ന കാരണത്താൽ ഈ ലോകത്തിലെ പൗരത്വം നിസ്സാരവൽക്കരിക്കരുതെന്ന് വ്യക്തമാക്കുന്ന ചില സംഭവങ്ങൾ പൗലോസിന്റെ ക്രിസ്തീയ പ്രവർത്തനങ്ങളിൽ തെളിഞ്ഞു കാണപ്പെടുന്നുണ്ട്.



ഒരിക്കൽ വിജാതീയരെ ദൈവാലയത്തിൽ പ്രവേശിപ്പിച്ച് അതിനെ തീണ്ടിപ്പിച്ചുവെന്ന് ആരോപിച്ച് പൗലോസിനെ അതിക്രൂരമായി മർദ്ദിച്ചു; കൊല്ലുവാൻ ശ്രമിച്ചു.

പക്ഷെ, സഹസ്രാധിപനും ശതാധിപനും പടയാളികളും പാഞ്ഞെത്തി അവിടെ നിന്നും പൗലോസിനെ കോട്ടയിലേക്കു കൊണ്ടുപോയി.

അവിടെ വച്ച് സഹസ്രാധിപന്റെ അനുവാദത്തോടുകൂടി എബ്രായ ഭാഷയിൽ ജനത്തോടു പൗലോസ് സംസാരിച്ചു. അപ്പോൾ; തന്റെ പ്രസംഗത്തിൽ കർത്താവ് തന്നോടരുളിച്ചെയ്തത് “നീ പോക, ഞാൻ നിന്നെ ദൂരത്തു ജാതികളുടെ അടുക്കലേക്ക് അയക്കും എന്നു കല്പിച്ചുവെന്നു പറഞ്ഞപ്പോൾ പൗലോസിന്റെ ജാതികൾ എന്ന പ്രയോഗം ജനത്തെ പ്രക്ഷുബ്ധരാക്കി. ജനത്തിന്റെ കോപം കത്തിക്കാളി. അപ്പോൾ സഹസ്രാധിപൻ എടുത്ത തീരുമാനപ്രകാരം ചമ്മട്ടികൊണ്ടടിപ്പിച്ചു. ചോദ്യം ചെയ്യുവാനായി കോട്ടയ്ക്കുള്ളിൽ കൊണ്ടുപോയി (അപ്പോ. പ്രവർത്തികൾ 21:17-49; 22:1-29)

റോമൻ നിയമമനുസരിച്ച് ഒരു റോമാ പൗരനെ ചമ്മട്ടികൊണ്ട് അടിക്കുന്നത് നിയമത്തിനെതിരായിരുന്നു. കോടതിയിൽ ഒരു റോമാപൗരൻ കുറ്റക്കാരനായി കണ്ടാലും ചമ്മട്ടി കൊണ്ടുള്ള അടി ഒഴിവാക്കുമായിരുന്നു. പൗലോസിന് ഈ വിധ നിയമങ്ങളെക്കുറിച്ച് നല്ല നിശ്ചയമുണ്ടായിരുന്നു.

പുതിയ നിയമകാലത്ത് ഒരു റോമാ പൗരനായിരിക്കുന്നതുകൊണ്ട് വിവിധ ഗുണങ്ങൾ ഉണ്ടായിരുന്നു.

ഒരാൾക്ക് , ഒന്നുകിൽ റോമാപൗരനായി ജനിക്കാം. അല്ലെങ്കിൽ എന്തെങ്കിലും മുന്തിയ സേവനത്തിന് അത് പാരിതോഷികമായി ലഭിക്കാം. അതുമല്ലെങ്കിൽ പണം കൊടുത്തു സമ്പാദിക്കുകയും ചെയ്യാം.

പൗലോസ് ജന്മനാ റോമാക്കാരനാണെന്ന് തന്നെ വാറുകൊണ്ട് കെട്ടിയപ്പോൾ വെളിപ്പെടുത്തുന്നു. ആ വെളിപ്പെടുത്തൽ സഹസ്രാധിപനെ ഭയപ്പെടുത്തിക്കളഞ്ഞു.

പ്രശ്നങ്ങൾ വരുമ്പോൾ ന്യായയുക്തവും നിയമപരവുമായ മാർഗ്ഗങ്ങൾ അവലംബിച്ച് രക്ഷപ്പെടുന്നത് ഒരു സ്വർഗ്ഗീയ പൗരനായ ദൈവപൈതലിനെ സംബന്ധിച്ചിടത്തോളം ശരിയായ കാര്യമാണെന്ന് പൗലോസിന്റെ അനുഭവത്തിൽ നിന്ന് നമുക്ക് ഗ്രഹിക്കാവുന്നതാണ്.

ആരോപിക്കപ്പെട്ട കുറ്റത്തിൽ നാം നിരപരാധി ആണെങ്കിൽ നാം അതു പറയണം; നാം നമ്മെത്തന്നെ പ്രതിരോധിക്കണം. നാം ചെയ്യാത്ത കുറ്റത്തിനുവേണ്ടിയുള്ള എല്ലാ ശിക്ഷയിൽനിന്നും സകലനിയമപരമായ മാർഗ്ഗങ്ങളും ഉപയോഗിച്ച് രക്ഷപ്പെടണം. നാം സ്വർഗ്ഗീയ പൗരന്മാരാണെങ്കിലും മറ്റാരെയുംപോലെ ഈ ലോകത്തിൽ നിയമപരമായ അവകാശങ്ങൾ ഉണ്ട്. ഈ അവകാശങ്ങൾ വിനയത്തോടും ബഹുമാനത്തോടും കൂടി ഉപയോഗിക്കുന്നത് യുക്തമായ കാര്യം തന്നെ.

പൗലോസിന്റെ കാലത്ത് പൗരത്വം പണം കൊടുത്തു വാങ്ങുവാൻ കഴിയുമായിരുന്നു. സഹസ്രാധിപൻ വളരെ പണം കൊടുത്തു വാങ്ങിയതാണ് റോമാപൗരത്വം. പൗലോസ് റോമപൗരനായി ജനിച്ചവനാണെന്ന് കേട്ടപ്പോൾ സഹസ്രാധിപൻ ഞടുങ്ങിപ്പോയെന്ന് മാത്രമല്ല, പൗലോസിനെ ചമ്മട്ടികൊണ്ട് അടിയ്ക്കാനുള്ള തീരുമാനത്തിൽനിന്നും പിൻവാങ്ങുന്നതും കാണാം.

റോമാപൗരന്റെ അകവാശങ്ങളെക്കുറിച്ച് പൗലോസ് അജ്ഞനല്ലായിരുന്നു. ഒരു സ്വർഗ്ഗീയ പൗരനെങ്കിലും റോമാ പൗരനെന്നുള്ള നിലയിൽ തക്കസമയത്ത് അവകാശങ്ങൾ ഉന്നയിച്ച് പൗലോസ് രക്ഷപെടുന്നത് വളരെ ശ്രദ്ധേയമാണ്. ഒരു റോമാപൗരനെന്ന നിലയിലാണ് കൈസരെ പൗലോസ് അഭയം ചൊല്ലുന്നത്.

റോമാപൗരനെന്ന നിലയിലുള്ള പൗലോസിന്റെ സമീപനം നമുക്ക് വളരെ മാതൃകയുള്ളതാണ്.

**ക്രിസ്തീയ വിശ്വാസികളായ നാം ഇൻഡ്യൻ പൗരന്മാർ ആണ്. ഭരണഘടനയനുസരിച്ചുള്ള മൗലിക അവകാശങ്ങൾ നമുക്കും അവകാശപ്പെടുന്നതാണ്. മൗലിക അവകാശങ്ങൾ ഏതൊക്കെയെന്ന് നമുക്കറിയാമോ? ഇല്ലായെങ്കിൽ നാം അവ അറിഞ്ഞിരിക്കേണ്ടതാണ്. മാത്രമല്ല, ആവശ്യഘട്ടങ്ങളിൽ നമ്മുടെ അവകാശങ്ങൾ ഉന്നയിച്ച് അവ നേടിയെടുക്കേണ്ടതുമാണ്.**

## നാം ഇന്ത്യൻ പൗരന്മാർ

ക്രിസ്തീയ വിശ്വാസികളായ നാം ഇൻഡ്യൻ പൗരന്മാർ ആണ്. ഭരണഘടനയനുസരിച്ചുള്ള മൗലിക അവകാശങ്ങൾ നമുക്കും അവകാശപ്പെടുന്നതാണ്. മൗലിക അവകാശങ്ങൾ ഏതൊക്കെയെന്ന് നമുക്കറിയാമോ? ഇല്ലായെങ്കിൽ നാം അവ അറിഞ്ഞിരിക്കേണ്ടതാണ്. മാത്രമല്ല, ആവശ്യഘട്ടങ്ങളിൽ നമ്മുടെ അവകാശങ്ങൾ ഉന്നയിച്ച് അവ നേടിയെടുക്കേണ്ടതുമാണ്. ഇൻഡ്യൻ ഭരണഘടനയിൽ പരാമർശിച്ചിട്ടുള്ള മൗലിക അവകാശങ്ങൾ ചുരുക്കമായി കുറിക്കുന്നു. വിശദമായി കുറിക്കുക ഒറ്റ ലേഖനത്തിൽ സാധ്യമല്ല.

**ഇന്ത്യൻ ഭരണഘടനപ്രകാരമുള്ള മൗലിക അവകാശങ്ങൾ**

1. സമത്വത്തിനുള്ള അവകാശം (വകുപ്പ് 14-18)
   നിയമത്തിന്റെ മുമ്പിൽ തുല്യമായ നിയമസംരക്ഷണം. ജാതി, മത, ലിംഗ, ജന്മദേശ കാരണങ്ങളാൽ ഉള്ള വിവേചനം പാടില്ല. നിയമങ്ങളിലുള്ള അവസരസമത്വം.
2. സ്വാതന്ത്ര്യത്തിനുള്ള അവകാശം (വകുപ്പ് 19)
   1. പ്രസംഗത്തിനും അഭിപ്രായത്തിനുമുള്ള സ്വാതന്ത്ര്യം
   2. ആയുധങ്ങളില്ലാതെ സമാധാനപരമായി യോഗം ചേരുവാനുള്ള അവകാശം
   3. അസ്സോസ്സിയേഷനുകളും സംഘടനകളും രൂപവൽക്കരിക്കുവാനുള്ള സ്വാതന്ത്ര്യം
   4. ഇൻഡ്യ ഒട്ടാകെ സഞ്ചാര സ്വാതന്ത്ര്യം
   5. എവിടെയും താമസിക്കുവാനും സ്ഥിരവാസമുറപ്പിക്കുവാനുമുള്ള അവകാശം
   6. ഏതു ജോലി ചെയ്യുന്നതിനും ഏതു തൊഴിലും വ്യാപാര വ്യവസായാദികളും നടത്തുന്നതിനുമുള്ള അവകാശം.
3. ചൂഷണത്തിനെതിരായ അവകാശം (വകുപ്പുകൾ 23,24)
   നിർബ്ബന്ധപൂർവ്വം തൊഴിൽ ചെയ്യിക്കുകയും സഞ്ചരിക്കുവാനുള്ള അവകാശം ഇല്ലാതാക്കുകയും ചെയ്യുന്നതിനെതിരായയുള്ള അവകാശം
4. മതസ്വാതന്ത്ര്യത്തിനുള്ള അവകാശവും മനസ്സാക്ഷി സ്വാതന്ത്ര്യവും (വകുപ്പുകൾ 25,28)
   സ്വേച്ഛാനുസാരം മതമവലംബിക്കാനും അനുവർത്തിക്കാനും പ്രചരിപ്പിക്കാനുമുള്ള സ്വാതന്ത്ര്യം (25ന്റെ 1-ാം ഉപവകുപ്പ്)
   എല്ലാ പൗരന്മാർക്കും വിശ്വാസസ്വാതന്ത്ര്യവും ആരാധനാസ്വാതന്ത്ര്യവും. (എന്നാൽ ഈ സ്വാതന്ത്ര്യം സമൂഹത്തിന്റെ ക്രമസമാധാനങ്ങളെയും സദാചാരബോധത്തെയും മറികടക്കാൻ പാടില്ലാത്തതുമാണ്)
5. സാംസ്കാരികവും വിദ്യാഭ്യാസപരവുമായ അവകാശം. (വകുപ്പുകൾ 29,30)
   രാജ്യത്തിന്റെ എല്ലാ ഭാഗത്തുമുള്ള ഏതു വിഭാഗത്തിനും സ്വന്തമായുള്ള ഭാഷയും ലിപിയും സംസ്കാരവും സംരക്ഷിക്കുന്നതിനുള്ള അവകാശം 29-ാം വകുപ്പ് 1-ാം ഉപവകുപ്പിൽ ഉറപ്പു വരുത്തിയിരിക്കുന്നു. 2-ാം വകുപ്പ് സർക്കാർ ഉടമയിലുള്ളതോ സർക്കാർ സഹായത്തിലുള്ളതോ ആയ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ പ്രവേശനത്തിന് ജാതി, മത, ഭാഷാ, വർഗ്ഗങ്ങളുടെയോ അവയിലേതെങ്കിലുംമൊന്നിന്റെയോ അടിസ്ഥാനത്തിൽ മാത്രമുള്ള ഏതു വിവേചനത്തേയും നിരോധിക്കുന്നു. മതത്തേയോ ഭാഷയേയോ അടിസ്ഥാനമാക്കിയാലും എല്ലാ ന്യൂനപക്ഷങ്ങൾക്കും സ്വഹിതമനുസരിച്ചുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഏർപ്പെടുത്തുവാനും ഭരിക്കുവാനും അവകാശമുണ്ടായിരിക്കേണ്ടതാണെന്ന് 30-ാം വകുപ്പ് 1-ാം ഉപവകുപ്പ് വ്യവസ്ഥ ചെയ്യുന്നു. 2-ാം ഉപവകുപ്പനുസരിച്ച് മതത്തേയോ ഭാഷയേയോ അടിസ്ഥാനമാക്കിയുള്ള ഒരു ന്യൂനപക്ഷത്തിന്റെ മാനേജ്മെന്റിനു കീഴിലുള്ളതാണെന്ന കാരണത്തിൻമേൽ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സഹായമനുവദിക്കുമെന്നതിൽ ഗവൺമെന്റ് ഒരു വിദ്യാലയത്തോടും വിവേചനം കാട്ടിക്കൂടാ.
6. സ്വത്തവകാശം (വകുപ്പ് 31)
   സ്വകാര്യസ്വത്ത് കൈവശം വയ്ക്കുവാനുള്ള അവകാശം ഓരോ പൗരനുമുണ്ട്.
7. ഭരണഘടനാപരമായ പ്രതിവിധികൾക്കുള്ള അവകാശം.

മൗലിക അവകാശങ്ങൾ ഫലപ്രദമായനിലയിൽ നടപ്പിലാക്കാനുള്ള അവകാശം.

സുപ്രീംകോടതിയാണ് മൗലികഅവകാശങ്ങളുടെ സംരക്ഷകനും ഉത്തരവാദിയുമായിരിക്കുന്നത്. മൗലിക അവകാശങ്ങൾ ലംഘിക്കപ്പെട്ടാൽ ഏതൊരു ഇൻഡ്യൻ പൗരനും യുക്തമായ പരഹാരത്തിനായി നേരിട്ട് സുപ്രീം കോടതിയെ ശരണം പ്രാപിക്കാവുന്നതാണ്.

ഒരു ഇൻഡ്യൻ പൗരനെന്നുള്ള നിലയിൽ നമ്മുടെ മൗലികാവകാശങ്ങളെക്കുറിച്ച് നാം നിശ്ചയമുള്ളവരും അവ അതാതു സന്ദർഭങ്ങളിൽ നേടിയെടുക്കേണ്ടതും അതേ സമയം ഒരു സ്വർഗ്ഗീയ പൗരനെന്ന നിലയിൽ ക്രിസ്തീയ വിശ്വാസവും സാക്ഷ്യവും ബലികഴിച്ച് പ്രവർത്തിക്കാതിരിക്കുവാനും ശ്രദ്ധിക്കേണ്ടതാണ്.

---


# പൗലോസിന്റെ ജീവിതദർശനം

### കഴിഞ്ഞ ലക്കത്തിൽനിന്നും തുടർച്ച



കെ. എ. ഫിലിപ്പ്

**ക**ണ്ടെത്തിയ ജീവിതസമവാക്യം ഒളിച്ചുവെയ്ക്കേണ്ട ഒന്നല്ല. പ്രത്യുത, സഹജീവികളോടു ചെന്നു പറയേണ്ടതായ ഒന്നാണ് എന്നായിരുന്നു പൗലൊസിന്റെ ജിവിതതത്ത്വശാസ്ത്രം. അതിനുവേണ്ടി മാറ്റവച്ച ഒരു ജീവിതമായിരുന്നു പൗലൊസിന്റേത്. ഒരു സന്ധ്യാസമയത്ത് അരാമ്യപാളയത്തിൽചെന്ന് ഭക്ഷണപാനീയങ്ങളും വിലപ്പെട്ട പൊരുളുകളും കണ്ടെത്തിയ പട്ടിണിക്കാരായ നാലു കുഷ്ഠരോഗികളുടെ വികാരം ഇതിനൊരു ഉദ്ദാഹരണമാണ്. അരാമ്യരുടെ നിരോധനം കാരണം യിസ്രയേല്യർ പട്ടിണിയിലായ ഒരു സമയമായിരുന്നു അത്. എന്നാൽ ദൈവിക ഇടപെടൽ കാരണം ആ സൈന്യം തങ്ങളുടെ സർവ്വവും ഉപേക്ഷിച്ച് പരിഭ്രമചിത്തരായി ഓടിപ്പോയ കാര്യം ജനം അറിഞ്ഞിരുന്നില്ല. പാളയത്തിൽചെന്ന് അത് മനസ്സിലാക്കിയ ആ കുഷ്ഠരോഗികൾ അവരുടെ വിശപ്പ് അടക്കിയശേഷം പട്ടിണി കിടക്കുന്ന സ്വജനത്തെ ഓർത്തു പറയുകയാണ്. “നാം ചെയ്യുന്നത് ശരിയല്ല. ഇന്ന് സദ്വർത്തമാനദിവസമല്ലോ. നാമോ മിണ്ടാതിരിക്കുന്നു. നേരം പുലരും വരെ നം താമസിച്ചാൽ നമുക്കു കുറ്റം വരും. ആകയാൽ വരുവിൻ; നാം ചെന്ന് രാജധാനിയിൽ അറിവു കൊടുക്ക” (2 രാജാ. 7:9). പൗലൊസ് പറയുന്നതും അതുതന്നെ. “ഞാൻ സുവിശേഷം അറിയിക്കുന്നു എങ്കിൽ എനിക്കു പ്രശംസിക്കുവാൻ ഒന്നുമില്ല. നിർബന്ധം എന്റെ മേൽ കിടക്കുന്നു. ഞാൻ സുവിശേഷം അറിയിക്കുന്നില്ല എങ്കിൽ എനിക്ക് അയ്യോ കഷ്ടം! ഞാൻ അതു മനഃപ്പൂർവ്വം നടത്തുന്നു എങ്കിൽ എനിക്ക് പ്രതിഫലം ഉണ്ട്. മനഃപൂർവ്വമല്ലെങ്കിലും കാര്യം എന്റെമേൽ ഭരമേല്പിച്ചിരിക്കുന്നു (1 കൊരി. 9:16 -17). പൗലൊസിന്റെ ജീവതന്തുക്കൾ സുവിശേഷത്തോട് അത്രയ്ക്ക് ഒട്ടിച്ചേർന്നതുകൊണ്ടാണ് ‘ദൈവ



ത്തിന്റെ സുവിശേഷത്തെ’ (റോമ. 1: 1,2;15:15) ‘എന്റെ സുവിശേഷം’ (റോമ. 2: 16) എന്നു വിശേഷിപ്പിക്കുവാൻ പൗലൊസിനു ധൈര്യം ഉണ്ടായത്.

ദൈവത്തിന് ഒരു യാഗമായി സമർപ്പിക്കപ്പെടുന്ന ഒരു ആരാധനയാണ് ജീവിതം എന്നു പൗലൊസ് വിശ്വസിച്ചു. ഈ യാഗത്തെ ‘ജീവനുള്ള യാഗം’ എന്നാണ് പൗലൊസ് വിളിച്ചത്. “സഹോദരന്മാരെ, ഞാൻ ദൈവത്തിന്റെ മനസ്സലിവ് ഓർപ്പിച്ചു നിങ്ങളെ പ്രബോധിപ്പിക്കുന്നത്: നിങ്ങൾ ബുദ്ധിയുള്ള ആരാധനയായി നിങ്ങളുടെ ശരീരങ്ങളെ ജീവനും വിശുദ്ധിയും ദൈവത്തിനു പ്രസാദവുമുള്ള യാഗമായി സമർപ്പിക്കുവിൻ. ഈ ലോകത്തിന് അനുരൂപമാകാതെ നന്മയും പ്രസാദവും പൂർണ്ണതയുമുള്ള ദൈവഹിതം ഇന്നതെന്നു തിരിച്ചറിയേണ്ടതിന് മനസ്സുപുതുക്കി രൂപാന്തരപ്പെടുവിൻ (റോമ. 12: 1,2). ഇവിടെ സമർപ്പിക്കപ്പെടുന്നത് ശരീരാത്മദേഹികളാണ്. സാധാരണ ഒരു യാഗമൃഗത്തിന് മരണമാണ് സംഭവിക്കുക. എന്നാൽ പൗലൊസിന്റെ വീക്ഷണത്തിൽ മരിച്ചവസാനിക്കുകയല്ല ജീവിച്ചുകൊണ്ട് നാഥനുവേണ്ടി ചെലവായിപ്പോകുന്ന ‘ജീവനുള്ള യാഗം’ ആണ് ജീവിതം. യാഗവേദിയിൽ ഹോമിക്കപ്പെടുകയോ, യജമാനുനുവേണ്ടി പണിയെടുക്കുകയോ ചെയ്യാൻ ഒരു കാളയ്ക്ക് കഴിയും. ഏതു വേണമെന്നത് യജമാനന്റെ ഇഷ്ടം. രണ്ടും യാഗം തന്നെ. ശരീരം പരിശുദ്ധാത്മാ

ശേഷം പേജ് 7ൽ



സുനിൽ തോമസ്

# കാലഘട്ടത്തിന് ഒരാമുഖം

**ശാ**സ്ത്ര സാങ്കേതിക വിപ്ലവങ്ങൾ ആഗോളതലത്തിൽ സമൂഹത്തെ വളരെ ഉന്നതിയിലെത്തിച്ചിരിക്കുന്നു.ജനിതക ശാസ്ത്രജ്ഞന്മാർ ജീവനിർമ്മിതിയിൽ തങ്ങളുടെ സംഭാവനകൾ ശ്രദ്ധേയമാണെന്ന് അവകാശപ്പെടുന്നു. ശാസ്ത്രീയ ജ്ഞാനം അവകാശപ്പെടുമ്പോൾ തന്നെ, പരിണിത ഫലങ്ങൾ കണ്ട് അവർ വിഭ്രാന്തിയിലെത്തിയിരിക്കുന്നു.

പ്രകൃതിക്ക് ദൈവം ഒരു പ്രമാണം നൽകിയിട്ടുണ്ട്.അതിന് വിരുദ്ധമായ നീക്കങ്ങൾ മനുഷ്യൻ നടത്തുമ്പോൾ പ്രത്യാഘാതങ്ങൾ അവൻ ഏറ്റു വാങ്ങുന്നു. സൂര്യനിൽ നിന്ന് ഒരു സെക്കന്റിൽ പ്രവഹിക്കുന്ന ഉർജ്ജം മനുഷ്യചരിത്രത്തിന്റെ അവസാനം വരെ ഉപയോഗിക്കാവുന്നതിൽ അധികമാണ്. അങ്ങനെ എത്രയോ നക്ഷത്രങ്ങൾ ഈ സൗരയൂഥത്തിൽ ഉൾപ്പെട്ടിരിക്കുന്നു. സൗരയൂഥങ്ങൾ എല്ലാം അടുക്കും ചിട്ടയോടും കൂടെ ദൈവത്താൽ ക്രമീകരിക്കപ്പെട്ടിരിക്കുന്നു. തന്റെ സൃഷ്ടികളെ എത്ര മനോഹരമായി ദൈവം സമ്മേളിപ്പിച്ചിരിക്കുന്നു. സകലവും അവൻ മുഖാന്തരം ഉളവായി (യോഹന്നാൻ 1:3).

അല്പനായ മനുഷ്യൻ ദൈവത്തേക്കാൾ ഉന്നതനെന്ന് ചിലപ്പോഴെങ്കിലും ചിന്തിക്കാറുണ്ട്. അത് ഏതാണ്ട് കുളത്തിലെ മൂന്നടി വെള്ളത്തിൽ ജീവിക്കുന്ന തവളയുടെ ചിന്തക്ക് തുല്യമാണ്. സമുദ്രത്തിലെ ജലത്തിന്റെ ആഴമോ നീളമോ അത് അറിയണമെന്നില്ല. സ്വന്തം കുളത്തെ മഹാസമുദ്രമെന്ന് തവള ധരിച്ചാൽ എന്തു ചെയ്യും? മഹാസമുദ്രങ്ങളിലെ ജലത്തെ ഉള്ളംകൈയ്യിൽ വഹിക്കുകയും ആകാശത്തെ ചാണുകൊണ്ട് അളക്കുകയും ചെയ്യുന്നവനാണ് ദൈവം (യെശയ്യാവ് 40;12).

മനുഷ്യൻ ഇന്ന് ഭീഷണികളുടെ നിഴലിലാണ്. ഭീഷണികൾ പലതും യാഥാർത്ഥ്യമായി മാറിയ അനേക സംഭവങ്ങൾ ഈ തലമുറ കണ്ടുകഴിഞ്ഞു. ചരിത്രത്തിലെ ഏറ്റവും വലിയ ഭീകരതയും ആയുധങ്ങളുടെ ഉല്പാദനത്തിന്റെയും ഉപയോഗത്തിന്റെയും ഭീകരതയും വിനാശവും നാം കണ്ടുകൊണ്ടിരിക്കുന്നു.



ഒട്ടുമിക്ക രാജ്യങ്ങളുടെയും വാർഷിക ബഡ്ജറ്റിന്റെ മൂന്നിൽ രണ്ട് ഭാഗവും പ്രതിരോധ പ്രവർത്തനങ്ങൾക്കായി മാറ്റിവെച്ചിരിക്കുന്നു. യുദ്ധവും യുദ്ധോപകരണക്കച്ചവടവുമില്ലെങ്കിൽ പല രാജ്യങ്ങളുടെയും സമ്പദ് വ്യവസ്ഥ പാടെ തകരുമെന്നർത്ഥം. അധികാരത്തിനും ഭൂമിക്കുംവേണ്ടി വിലപേശുന്നവർ!

യുദ്ധം ഒരിക്കലും അവസാനിക്കുന്നില്ല. ഒന്നിൽ നിന്ന് മറ്റൊന്നിലേക്ക് വ്യാപിക്കുന്നു. അനേകായിരങ്ങൾ കൊല്ലപ്പെടുന്നു. മരിച്ച് ജീവിക്കുന്നവർ അതിലും എത്രയോ അധികവും.

ഹിരോഷിമയും നാഗസാക്കിയും ഇന്നും ഭീതിയുണർത്തുന്ന ഒർമ്മയാണ്. എന്നാൽ അതിലും എത്രയോ മടങ്ങ് ഭീകര വിപത്തുകൾ ചെറു ആക്രമണങ്ങൾമൂലം ഉണ്ടാകുന്നു. അന്നു വർഷിച്ച അണുബോംബിനേക്കാൾ എത്രയോ മടങ്ങ് ശക്തിയുള്ളവ ഇന്ന് അണുശക്തി രാജ്യങ്ങൾ ഒരുക്കിവെച്ചിരിക്കുന്നു. ഒരു അണുസ്ഫോടനം ഉണ്ടായാൽ പ്രാഥമികമായി മനുഷ്യനാശത്തോടൊപ്പം പുറത്ത് വ്യാപിക്കുന്ന വിദ്യുത്കാന്തസ്പന്ദന ഊർജ്ജം

**ജാതി തിരിഞ്ഞുള്ള സംഘട്ടനങ്ങൾ ഇന്ന് പതിവ് ദൃശ്യമായിരിക്കുന്നു. സ്നേഹിക്കാൻ ദൈവം പറയുമ്പോൾ കൊലപാതകത്തിനും ആക്രമത്തിനും മനുഷ്യൻ ഒരുങ്ങുന്നു.**

**ഇന്ത്യയിൽ ഓരോ പന്ത്രണ്ട് മിനിറ്റിലും ഒരു ആത്മഹത്യ നടക്കുന്നു. അതിലേറെ ആത്മഹത്യാ ശ്രമങ്ങളും. കാരണം മനുഷ്യൻ സമാധാനമില്ലാത്തവനായിത്തിർന്നിരിക്കുന്നു.**

എല്ലാ ഇലക്ട്രോണിക്ക് ഇലക്ട്രിക്ക് ഉപകരണങ്ങളുടെയും പ്രവർത്തനങ്ങൾ താറുമാറാക്കും . എല്ലാ ബന്ധങ്ങളും വിച്ഛേദിക്കപ്പെടും. പിന്നെ എന്തൊക്കെയാണ് സംഭവിക്കുക എന്ന് ചിന്തിക്കുക.

മാരകരോഗങ്ങൾ മനുഷ്യന് വെല്ലുവിളിയായി മാറിക്കഴിഞ്ഞു. കാൻസർ, എയ്ഡ്സ് തുടങ്ങി പ്രകൃതി മാറ്റങ്ങളിലൂടെ നമ്മുടെ രാജ്യത്തുണ്ടാകുന്ന പകർച്ചവ്യാധികൾ, കീടനാശിനികളുടെ അമിത ഉപയോഗത്തിലുണ്ടാകുന്ന സൗഖ്യമാക്കാനാവാത്ത രോഗങ്ങൾ, ഇതൊക്കെ ഭീഷണിയായി മാറിക്കഴിഞ്ഞു. ശ്വാസകോശത്തെ ബാധിക്കുന്ന രാസപദാർത്ഥങ്ങൾ ശ്വസിച്ച് മനുഷ്യൻ ശ്വാസം മുട്ടി മരിക്കുന്നു. ഫോസ്ജിൻ, ക്ലോവികിൻ തുടങ്ങിയവ ചിലതു മാത്രം. ഇവ ശ്വാസകോശത്തിലെത്തിയാൽ ജീവവായുവുമായി പ്രതിപ്രവർത്തിച്ച് ഹൈഡ്രോക്ലോറിക്ക് അമ്ലം ഉണ്ടാക്കുന്നു. ഇത് ശ്വാസകോശത്തിലെ അതിലോല കോശങ്ങളെ നിർജ്ജലീകരിക്കുന്നു. പുറത്തേക്കു വരുന്ന ജലം ശ്വാസകോശത്തിൽ നിറയുന്നു. ശ്വാസം മുട്ടി മരിക്കുന്നു. മറ്റൊരുതരം രാസപദാർത്ഥമാണ് മാസ്റ്റാർഡ്. വ്രണങ്ങൾ, പകർച്ച വ്യാധികൾ, ചൊറിച്ചിൽ, അന്ധത ഇവയുണ്ടാക്കുന്നു. ഇത്തരം രാസപദാർത്ഥങ്ങൾ മനുഷ്യകോശങ്ങളിലേക്ക് ആഴ്ന്നിറങ്ങുകയും ക്രോമോസോമുകളിൽ ജീൻ ഘടനയെ ബാധിക്കുന്നതിനാൽ ദുരന്തം ഒരു തലമുറയിൽനിന്ന് മറ്റൊരു തലമുറയിലേക്ക് പകരുകയും ചെയ്യുന്നു.

മനുഷ്യരാശിയെ ഭീതിപ്പെടുത്തുന്ന മറ്റൊരു ആയുധശേഖരമാണ് ജൈവായുങ്ങൾ. മാരക നശീകരണ ശേഷിയുള്ള രോഗാണുക്കളെ അന്തരീക്ഷത്തിൽ പരത്തുകയാണ് ഈ പ്രക്രിയയിലൂടെ. ഇത്തരം രോഗാണുക്കൾ ശരീരത്തിലെ സൂഷ്മാവയവങ്ങളെ നശിപ്പിക്കുന്നു. ജൈവായുധങ്ങളിൽ പ്രധനപ്പെട്ടവയിൽ ഒന്നായ ടുലാറെമിയ എന്ന ബാക്ടീരിയ ഒരു ഗ്രാം മതി ആയിരങ്ങളെ കൊന്നൊടുക്കുവാൻ . ജീവനുള്ളവയെ തിരഞ്ഞുപിടിച്ച് ജൈവായുധങ്ങൾ നശിപ്പിക്കുന്നു.

വ്യവസായശാലകളിൽ നിന്നും മോട്ടോർവാഹനങ്ങളിൽ നിന്നും ബഹിർഗമിക്കുന്ന വിഷവാതകങ്ങൾ

ശേഷം പേജ് 6ൽ

# അർപ്പണത്തിലൂടെ മഹത്വം

സി.റ്റി. ജോണിക്കുട്ടി

**കേ**രളത്തിലെ ഒരു ക്ഷേത്രത്തിൽ സൂക്ഷിക്കപ്പെട്ടിരിക്കുന്ന നിധിശേഖരത്തിന്റെ വാർത്തകൾ ലോകം മുഴുവൻ പടർന്നു കഴിഞ്ഞു. ഭാരതത്തിന്റെ പരമോന്നത നീതിപീഠമായ സുപ്രീം കോടതിയുടെ വരെ കൃത്യമായ നിരീക്ഷണവും ഇടപെടലും ഉണ്ടായിരിക്കുന്നു. ഒരു ലക്ഷം കോടിയിൽ അധികം വരുന്ന സ്വത്ത് സംരക്ഷിക്കുന്നതിന് സർക്കാർ പ്രതിജ്ഞാബദ്ധരായിരിക്കുന്നു. സൈനിക കമാൻഡോകളെ അതിനായി നിയോഗിക്കുകയും ചെയ്തിട്ടുണ്ട്. തിരുവിതാംകൂർ രാജകുടുംബത്തിന്റെ സ്വന്തം ക്ഷേത്രമെന്ന നിലയിൽ അനന്തപത്മനാഭസ്വാമിക്ഷേത്രം അറിയപ്പെടുന്നു. അനന്തപത്ഭനാഭന്റെ ആശ്രിതരായി സ്വയം സമർപ്പിച്ച രാജകുടുംബാംഗങ്ങൾ വിനയപൂർവ്വം സമർപ്പിച്ച അർപ്പണങ്ങളാണ് നിധിശേഖരമായ് ഇന്ന് കണ്ടെടുത്തിട്ടുള്ളത്.

ദൈവപ്രസാദത്തിനുവേണ്ടിയുള്ള അർപ്പണങ്ങളിൽ രാജാക്കന്മാർ നൽകിയ അമൂല്യങ്ങളായ വസ്തുക്കൾ അവരുടെ ദൈവത്തോടുണ്ടായിരുന്ന കൃതജ്ഞതാ നിർഭര ഹൃദയനിലയുടെ പ്രതീകമായിരുന്നു. രാജകുടുംബത്തിന്റേയും തിരുവിതാംകൂർ മഹാരാജ്യത്തിന്റേയും സംരക്ഷണവും ധന്യതയും ഈ സേവയിലൂടെ അവർ ലക്ഷ്യമിട്ടിരുന്നു.

എല്ലാം വിറ്റ് ദൂർത്തടിക്കുന്ന ഒരു വികലകാഴ്ചപ്പാട് ആധുനിക തലമുറയെ ഗ്രസിച്ചിട്ടുണ്ട്. എനിക്കുശേഷം പ്രളയം എന്ന ചിന്താഗതിയാണ് ഇക്കൂട്ടരെ ഭരിക്കുന്നത്. പൊൻമുട്ടയിടുന്ന താറാവിനെ കൊന്ന് മുഴുവൻ മുട്ടകളും ഒരു ദിവസം കൈക്കലാക്കുവാൻ ശ്രമിച്ച ഒരു ഭോഷന്റെ കഥ നാം കേട്ടിട്ടുണ്ട്. ബുദ്ധിപൂർവ്വം ജീവിതം വിനിമയം ചെയ്യാതെപോകുന്നവരുടെ അനുഭവം ചരിത്രത്തിൽ നിസ്സാരവൽക്കരിക്കപ്പെട്ടിട്ടുണ്ട്.

ഏറെ സാമ്പത്തിക ഞെരുക്കങ്ങളിലൂടെയും തിരുവിതാംകൂർ രാജകുടുംബം കടന്നുപോയിട്ടുള്ള ചരിത്രം രേഖകളിലുണ്ട്. നാടിന്റെ ക്ഷേമൈശ്വര്യപ്രവർത്തനങ്ങൾ വേണ്ട നിലയിൽ ചെയ്തെടുക്കുവാനും കഴിയാതെ പോയിട്ടുണ്ട്. അന്നും ഈ വലിയ ശേഖരം ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിൽ സൂക്ഷിക്കപ്പെട്ടിരുന്നു.

സ്വകാര്യമായി അർപ്പിക്കപ്പെട്ട ഈ നിവേദ്യങ്ങളിൽ ഒന്നും പോലും മടക്കിവാങ്ങുവാൻ അവർ തയ്യാറായില്ല. ആ കാലങ്ങളിൽ പ്രജകളാൽ ഒരു പക്ഷെ വിമർശിക്കപ്പെടുവാൻ പോലും രാജകുടുംബങ്ങൾക്ക് ഇടവന്നിട്ടുണ്ടാവാം.

**യേശു ജീവിതത്തിലേക്ക് വന്ന ദശാസന്ധിയിൽ അവൻ ധനത്തെ ഉപേക്ഷിക്കുവാൻ തയ്യാറായി, ക്രിസ്തുദർശനത്തിനു മുമ്പുള്ള അവന്റെ ജീവിതത്തിന്റെ എതിർദിശയിലാണ് പിന്നീട് സഖായി സഞ്ചരിച്ചത്. ഒരു നാടിന്റെ മുഴുവൻ ഉത്സവത്തിന് തുടക്കമായത് സഖായിയുടെ മാനസാന്തരത്തിലൂടെയാണ്.**

വർഷങ്ങളുടെ ഇടവേളയ്ക്കുശേഷം ചിത്രം മാറി മറിയുന്നു. കൈസർക്കുള്ളത് കൈസർക്കും ദൈവത്തിനുള്ളത് ദൈവത്തിനും എന്ന ആദരണീയ പ്രമാണം രാജകുടുംബത്തിന്റെ യശസ്സ് ഉയർത്തുന്നു. അർപ്പണത്തിലൂടെ കൈവന്ന മഹത്വം എന്നതാണ് ശരി.

ധനസമ്പാദനത്തിനുള്ള മാർഗ്ഗങ്ങളെ വചനം ഏറെ പ്രോത്സാഹിപ്പിക്കുന്നില്ല. മറിച്ച് അവയെ ഉപേക്ഷിക്കുന്നിതിനുള്ള ആഹ്വാനമാണ് നൽകുന്നത്. സമ്പന്നനായ യുവാവ് യേശുവിന്റെ മുന്നിൽ നിന്ന് നിരാശനായി പിൻവാങ്ങുന്നത് നാം കാണുന്നു. അവൻ നിത്യജീവനിൽനിന്നും പുറംതിരിഞ്ഞ് പോവുകയാണ്. സഖായി ഒരു കാലഘട്ടത്തിന്റെ തന്നെ പിടിച്ചുപറിക്കാരനായിരുന്നു. ചതിവായി വാങ്ങി ധനികനായി മാറിയ ആൾ. യെറിഹോവിലെ ജീവിതം പോലും അതിനായി അവൻ ഉഴിഞ്ഞുവച്ചു. ആ നാട് അതിന് പറ്റിയ വളക്കൂറുള്ള മണ്ണും ആയിരുന്നു.

യേശു ജീവിതത്തിലേക്ക് വന്ന ദശാസന്ധിയിൽ അവൻ ധനത്തെ ഉപേക്ഷിക്കുവാൻ തയ്യാറായി, ക്രിസ്തു ദർശനത്തിനു മുമ്പുള്ള അവന്റെ ജീവിതത്തിന്റെ എതിർദിശയിലാണ് പിന്നീട് സഖായി സഞ്ചരിച്ചത്. ഒരു നാടിന്റെ മുഴുവൻ ഉത്സവത്തിന് തുടക്കമായത് സഖായിയുടെ മാനസാന്തരത്തിലൂടെയാണ്.



സഖായിയുടെ രൂപാന്തരാനുഭവം ഏതൊരു ക്രിസ്തുശിഷ്യനിലും ഗുരു ആവശ്യപ്പെടുന്നുണ്ട്. ഇന്നിന്റെ പരമിതിയും നിസ്സാരതയും ക്ഷണികതയും ശിഷ്യന് ബോധ്യപ്പെടേണ്ടതുണ്ട്. ധനവും ഒരു താലന്തായി ദൈവമനുഷ്യനെ ഭാരമേല്പ്പിച്ചിരിക്കുന്നു എന്ന ബോധ്യം വിശ്വാസിക്ക് ഉണ്ടായിരിക്കണം. അനീതിയുള്ള മാമ്മോൻ എന്ന് ധനത്തെ വിശേഷിപ്പിക്കുന്നെങ്കിലും സുഹൃദ്വലയത്തെ സൃഷ്ടിച്ചെടുക്കുവാൻ ധനത്തെ ഉപയുക്തമാക്കാമെന്നും യേശു പഠിപ്പിക്കുന്നു. അല്പധനത്തിലെ വിശ്വസ്തത അധികത്തിനു വിചാരകനാക്കുവാൻ സഹായകമാകും. ധനത്തോടുള്ള നമ്മുടെ മനോഭാവമാണ് നമ്മുടെ ആത്മികമൂല്യവും നിർണ്ണയിക്കുന്നത്. നേടാനുള്ള വ്യഗ്രതയേക്കാൾ നൽകുവാനുള്ള ഭാരം നമുക്കുണ്ടാകണം. വാങ്ങുന്നതിനേക്കാൾ ഭാഗ്യം കൊടുക്കുന്നതാണെന്ന് നമ്മുടെ കർത്താവ് പറഞ്ഞിട്ടുണ്ട്.

യിസ്രായേൽ ഗോത്രങ്ങളുടെ ദശാംശങ്ങളിലൂടെ ഉപജീവനം കഴിച്ചുവന്ന ലേവ്യരും തങ്ങൾക്ക് ലഭിക്കുന്നതിന്റെ പത്തിലൊന്ന് നൽകണമായിരുന്നു. വാങ്ങുവാൻ വിധിക്കപ്പെട്ടവരും കൊടുക്കുന്നതിലെ സന്തോഷം കണ്ടെത്തണം. അത് ഒരു അതുല്യ അനുഭവം തന്നെ. അർപ്പണത്തിലൂടെ നമുക്കും മഹത്വം നേടാം. ഇവിടെയും നിത്യതയിലും.

**ദൈവത്തിൽനിന്നും മുഖം തിരിച്ച ആദാമിനു നഷ്ടമായത് ദൈവതേജസ്സാണ്. പാപം കയീന്റെ മുഖപ്രകാശം എടുത്തുകളഞ്ഞു. സീനായിൽ ദൈവമുഖത്തിന് അഭിമുഖമായിരുന്ന മോശയുടെ മുഖതേജസ്സ് ഇസ്രായേൽ ജനത്തിന് കണ്ടുനിൽക്കാനായില്ല. ദാവീദ് ദൈവമുഖത്തേക്ക് നോക്കിയിരുന്നു. അവന്റെ മുഖം ലജ്ജിച്ചുപോയതുമില്ല. ഒരു അനുഭവ സാക്ഷ്യമായിരുന്നു അത്.**



# ദൈവം പ്രകാശിപ്പിച്ച മുഖങ്ങൾ

വി.കെ. മാത്യു

**ലോ**കത്തിലെ കോടാനുകോടി മനുഷ്യർക്കു തനതായ മുഖമാണുള്ളത്. സർവ്വജ്ഞാനിയായ ആ മഹാശില്പിയുടെ കരവിരുതല്ലാതെ മറ്റൊന്നല്ല. ഒരു മനുഷ്യന്റെ വ്യക്തിത്വത്തിന്റെ അടിസ്ഥാനം മുഖമാണ്. മുഖം ഹൃദയത്തിന്റെ കണ്ണാടിയാണ് എന്നത് സർവ്വവിദിതമാണ്. ഹൃദയത്തിന്റെ സ്ഥിതി മുഖത്ത് പ്രതിബിംബിക്കും. സുഖ ദു:ഖസമ്മിശ്രമായ ജീവിതത്തിൽ മുഖവാട്ടം ഒഴിവാക്കാവുന്നതല്ല. തിരുവെഴുത്ത് ചില വാടിയ മുഖങ്ങളുടെ ചിത്രം നൽകുന്നുണ്ട്. കയീൻ വാടിയ മുഖത്തോടു കൂടി യഹോവയുടെ സന്നിധിവിട്ട് പുറപ്പെട്ടുപോയി. അവൻ ദുഷ്ടനിൽ നിന്നുള്ളവൻ ആയിരുന്നല്ലോ (1 യോഹ 3:12). അതേസമയം ചില വാടിയ മുഖങ്ങൾ പ്രസന്നമായി. ജീവിതം സഫലമായി, ധന്യമായി. അതിൽ പരിഗണനാർഹമായത് ഹന്നയാണ്. അവളുടെ മുഖം പിന്നെ വാടിയതുമില്ല (1ശമു 1:18).

എഫ്രയിം മലനാട്ടുകാരനായ എല്കാനയ്ക്ക് ഹന്നയെന്നും പെനിന്നയെന്നും രണ്ടു ഭാര്യമാർ ഉണ്ടായിരുന്നു. പെനിന്നയ്ക്കു മക്കൾ ഉണ്ടായിരുന്നു. ഹന്നയ്ക്ക് മക്കൾ ഇല്ലായിരുന്നു. യഹോവ അവളുടെ ഗർഭം അടച്ചിരുന്നു. മക്കൾ യഹോവ നൽകുന്ന അവകാശവും ഉദരഫലം അവൻ തരുന്ന പ്രതിഫലവും ആണല്ലോ. ബഹുഭാര്യാത്വം നിലനിന്നിരുന്ന ചരിത്രകാലത്തു സന്താനഭാഗ്യമില്ലാത്ത സ്ത്രീകൾ സമൂഹത്തിൽ നിന്ദിതരും പരിഹാസപാത്രങ്ങളുമായിരുന്നു. ജോസേഫിനെ ലഭിച്ചപ്പോൾ റാഹേൽ പറഞ്ഞത് "ദൈവം എന്റെ നിന്ദ നീക്കിക്കളഞ്ഞിരിക്കുന്നു" (ഉല്പ 30:23) എന്നാണല്ലോ? അനപത്യ ദു:ഖം ഹന്നയുടെ മുഖത്ത് കരിനിഴൽ വീഴ്ത്തിയിരുന്നു. വാടിയ മുഖത്തോടു കൂടി ദു:ഖം ഉള്ളിൽ ഒതുക്കി ഹന്ന ദിനരാത്രങ്ങൾ തള്ളിനീക്കി.

സഹതാപവും അനുകമ്പയും ആശ്വാസവും പ്രതീക്ഷിച്ചിടത്തുനിന്നും ലഭിച്ചത് നിന്ദയും പരിഹാസവും കുത്തുവാക്കുകളുമായിരുന്നു. അവളുടെ പ്രതിയോഗിയായ പെനിന്ന ഹന്നയെ വളരെ മുഷിപ്പിച്ചു. പെനിന്നയുടെ വാക്കുകൾ അവൾക്ക് പുണ്ണിൽ അമ്പു തറയ്ക്കുന്നതുപോലെ തോന്നി. എന്നെ നിന്ദിച്ചത് ശത്രുവല്ല. അങ്ങനെയെങ്കിൽ ഞാൻ സഹിക്കുമായിരുന്നു. (സങ്കീ.55:12) അടുത്തുനിന്നുള്ള കഠാരപ്രയോഗം ഉണ്ടാക്കുന്ന മുറിവ് ഏറ്റം ആഴമുള്ളതായിരിക്കും.

എല്ക്കാന ആണ്ടുതോറും യാഗം അർപ്പിക്കാൻ ശീലോവിൽ പോകുമായിരുന്നു. അവനോടുകൂടി ഹന്നയും പോകുമായിരുന്നു. ഹന്ന അവളുടെ നിസ്സഹായാവസ്ഥയിൽ കരയുകയും പട്ടിണികിടക്കുകയും ചെയ്തു. എൽക്കാന അവളെ ആശ്വസിപ്പിക്കുവാൻ ആവതു ശ്രമിച്ചു. അവന്റെ സ്നേഹവും കരുതലും അവൾക്ക് ഉറപ്പിച്ചു നൽകി. അവൻ ഇങ്ങനെ പറഞ്ഞു. "ഹന്നേ നീ വ്യസനിക്കുന്നതെന്തിന്? എന്തിനു കരയുന്നു? എന്തിനു പട്ടിണി കിടക്കുന്നു? ഞാൻ നിനക്ക് പത്തു പുത്രന്മാരേക്കാൾ നന്നല്ലയോ" (1 ശമു. 1:8). എൽക്കാനയുടെ ആശ്വാസവാക്കുകൾ ഇരുമ്പുപാര വിഴുങ്ങിയതിനു ചുക്കുകഷായം പോലെ മാത്രമേ ഉണ്ടായിരുന്നുള്ളു.

ഒരിക്കൽ ഭർത്താവിനോടുകൂടി ശീലോവിൽ യഹോവയുടെ ആലയത്തിൽ സന്ധിച്ചത് പുരോഹിതനായിരുന്ന ഏലിയെ ആയിരുന്നു. സ്ഥൂലിച്ച ശരീര പ്രകൃതനും കാൺമാൻ കഴിയാതവണ്ണം കണ്ണുമങ്ങിയവനും വൃദ്ധനുമായിരുന്ന ഏലിയുടെ ഉൾക്കാഴ്ചയും നഷ്ടപ്പെട്ടിരുന്നു. യഹോവയുടെ വചനം ദുർല്ലഭവും ദർശനം ഏറെ ഇല്ലാതിരുന്ന കാലം. മന്ദിരത്തിൽ പ്രവേശിച്ച ഹന്ന അവളുടെ സ്വകാര്യദു:ഖം നിരത്തി ഹൃദയഭാരം ദൈവസന്നിധിയിൽ ഇറക്കി വച്ചുകൊണ്ടിരുന്നു. അവളുടെ സങ്കടം ശബ്ദരൂപത്തിൽ പുറത്തേക്കു വരാതെ ഉള്ളിൽ ഒതുക്കി. അധരം മാത്രം ചലിച്ചുകൊണ്ടിരുന്നു. ഏലി അവളെ തെറ്റിദ്ധരിച്ചു. വീഞ്ഞു കുടിച്ച് സമനില തെറ്റി, മദ്യത്തിന്റ കെട്ടുകൊണ്ട് എന്തൊക്കെയോ പുലമ്പുന്നതായി മാത്രം ഏലിക്കു തോന്നി. നിന്റെ വീഞ്ഞ് ഇറങ്ങട്ടെ എന്നാണ് ഏലി പറഞ്ഞത്. ആത്മീയനേതൃത്വത്തിന്റെ ഉൾക്കാഴ്ച മങ്ങിയാലുണ്ടാവുന്ന ഭവിഷ്യത്ത് ചെറുതായിരിക്കുകയില്ല. തെറ്റിദ്ധാരണ വരുത്തിക്കൂട്ടുന്ന കെടുതി ദൂരവ്യാപകമാണ്. "ഉറ്റവരായാലും ഉടയവരായാലും തെറ്റിദ്ധരിപ്പിച്ചത് മാതൃസ്വഭാവമാം." എന്ന് കവി പാടിയത് എത്രയോ വാസ്തവം.

അല്പം വൈകിയാണെങ്കിലും ഹന്നയുടെ നിജസ്ഥിതി ഏലിക്കു ബോധ്യപ്പെട്ടു. അവളുടെ ആഗ്രഹം ദൈവം അവൾക്ക് നൽകട്ടെയെന്ന് ഏലി ആശംസിച്ചു. സമാധാനവും സന്താനസൗഭാഗ്യവും അവൾക്ക് നേർന്നു. അവൾ ഭക്ഷണം കഴിച്ച് ബലം പ്രാപിച്ചു. മുഖം പ്രകാശിച്ചവളായി. നിന്ദ ഉരുണ്ടു പോയവളായി അവൾ ശിലോവിൽ നിന്നും മടങ്ങി (1 ശമു 1:18). "ഹന്നയുടെ മുഖം പിന്നെ വാടിയതുമില്ല. "അവങ്കലേക്കു നോക്കിയവർ പ്രകാശിതരായി. അവരുടെ മുഖം ലജ്ജിച്ചു പോയതുമില്ല. (സങ്കീ. 34:5). "യഹോവ അവളെ ഓർത്തു (1 ശമു 1:19). നമ്മുടെ ദൈവം കേൾക്കുന്നവനും കാണുന്നവനും മാത്രമല്ല, ഓർക്കുന്നവനുമാണ്. അബ്രഹാമിന്റെയും യിസഹാക്കിന്റെയും യാക്കോബിന്റേയും ദൈവം സാറായുടെയും റാഹേലിന്റേയും ഹന്നയുടെയും ദൈവമാണ്. നമ്മുടെയും! ദൈവം അവരുടെ ദൈവം എന്നു വിളിക്കപ്പെടുവാൻ ലജ്ജിക്കുന്നില്ല" (എബ്ര 11:16).

# ആത്മസമർപ്പണം യുവലോകത്തിന് അനിവാര്യം



ജേക്കബ് പി. തോമസ്

**അ**റിവും വളർച്ചയും നേടുവാൻ കൊതിപൂണ്ട് കഴിച്ചുകൂട്ടുന്ന കാലമാണ് യൗവ്വനം. അതുല്യമായ ശക്തിയും ഇശ്ചാബോധവും ജ്ഞാനവും സ്വന്തമായി നേടിയെടുത്തു എന്ന ചിന്താബോധവും യൗവ്വനത്തിന്റെ സംഭാവനയാണ്. കുടുംബത്തിന്റെയോ സമൂഹത്തിന്റെയോ രാഷ്ട്രത്തിന്റെ തന്നെയോ മുതൽക്കൂട്ടും സമ്പത്തുമാണ് യുവജനത. ഏതൊരു പ്രസ്ഥാനത്തിന്റെയും വളർച്ചയുടെയും ഉയർച്ചയുടെയും അനിവാര്യതയാണ് യുവശക്തി.

വൃക്ഷത്തിന്റെ ബാല്യത്തെക്കാൾ ഏറെ സൗന്ദര്യം സമ്മാനിക്കുന്നത് അതിന്റെ ഫലകാലമാണ്. അത് യൗവ്വനകാലത്തിന് ഒപ്പമാണ്. ഏതു ശക്തിയും ഗുണകരമായ തലങ്ങളിൽ ഉപയോഗപ്പെടുമ്പോഴാണ് അഭിനന്ദനങ്ങൾക്ക് അർഹത നേടുന്നത്.

വൈദ്യുതി തന്നെ ഉദാഹരണം. സമസ്ത മേഖലകളിലും ഉപയോഗംകൊണ്ട് ഒന്നാമത് നിൽക്കുകയാണ് വൈദ്യുതി. ലോകത്തിന്റെ ചക്രം ഉരുളുന്നതുപോലും ഈ വിദ്യുച്ഛക്തി കൊണ്ടാണെന്ന് ഫിസിക്സ് ചിന്തകർ പറയും. ആരോഗ്യപരമായ മേഖലകളിൽ ഉപയോഗപ്പെടുത്തുക എന്ന വിശിഷ്ട ലക്ഷ്യത്തെ മുന്നിൽ കണ്ട് വിനിയോഗിച്ചാൽ എത്ര ഉപകാരപ്രദമായി. മറിച്ച് ആയാൽ ആ ശക്തി വിന്യസിക്കപ്പെടുന്നത് അപകടങ്ങളുടെ ഇടവഴികളിലായിരിക്കും.

ആധുനിക യുവലോകത്തിന് മുന്നിൽ ഏറെയും വെല്ലുവിളികളാണ്. വിജയതിലകം ചാർത്തുവാൻ ആവേശമോ തീരുമാനമോ ഉള്ളവർക്ക് കടമ്പകൾ ഏറെ സന്തോഷകരമാണ്. എന്നാൽ അതിലുപരിയായ ചില സ്വാധീനതകൾ അവനെ വരിഞ്ഞുമുറുക്കുന്നു. അവയെല്ലാം തന്നെ ഈ മണ്ണിനെ കേന്ദ്രീകരിച്ചുള്ളവ മാത്രമായി ചുരുങ്ങിപ്പോകുന്നു. ഇത് സമൂഹത്തിൽ ഭയാശങ്കകൾ വളർത്തുകയാണ്.

ഗ്രീസ് സാമ്രാജ്യാധിപനായിരുന്ന മഹാനായ അലക്സാണ്ടറിന്റെ പാതയാണ് മിക്ക യുവാക്കളും ഈ കാലത്തും പിന്തുടരുന്നത്. മുപ്പത്തിമൂന്നാം വയസ്സിന്റെ നിറവിൽ ഒരു ചെറു പനിയുടെ കടന്നുകയറ്റം ഈ ശരീരത്തെയും ജീവനെയും മുന്നോട്ടുള്ള പ്രയാണം തടഞ്ഞു. വൈദ്യശാസ്ത്രവും ഈ ചെറിയ പനിയുടെ മുന്നിൽ വിറങ്ങലിച്ചു നിന്നു.

അദ്ദേഹം ആരോഗ്യവാനും ഒരു സൈന്യത്തിന്റെ അധിപനും ആയിരുന്നു. മുന്നിൽ നീണ്ടു നിവർന്നു കിടന്ന മഹാസമുദ്രത്തെ ഒരിക്കൽ അദ്ദേഹം ഭീഷണിപ്പെടുത്തുകയുണ്ടായി. നീയും ഒരു കരയായിരുന്നുവെങ്കിൽ ഞാൻ നിന്നെയും കീഴ്പ്പെടുത്തുമായിരുന്നു. യൗവ്വനത്തിലെ പല ചെയ്തികളും പ്രസ്താവനകളും നമ്മിൽ ചിരി പടർത്തുന്നത് പിൻകാലങ്ങളിലായേക്കാം. പലരും ഈ മുൻ വാചക കസർത്ത് ഓർത്തോർത്തു ചിരിച്ചേക്കാം. രണ്ടായിരത്തി മുന്നൂറ് വാർഷികം കഴിഞ്ഞിട്ടും ഈ അബദ്ധ പ്രസ്താവനയുടെ സ്വാധീനം നമ്മുടെ സമൂഹത്തിൽ അഭംഗുരം തുടരുകയാണ്.

യേശുനാഥന്റെ അരികിൽ ഒരു യുവാവ് ഒരിക്കൽ എത്തിച്ചേരുന്നു. തീഷ്ണമായ ആത്മീക ആവേശമൊക്കെ വാക്കുകളിൽ പ്രതിഫലിക്കപ്പെടുന്നുണ്ട്. നിത്യജീവൻ എന്ന സ്വർഗ്ഗസമ്മാനമാണ് ഈ യുവാവിന്റെ ലക്ഷ്യം. യൗവ്വനക്കാരനായ ഇയാൾ ജീവിതം വിജയിപ്പിച്ച വ്യക്തിയാണ്. ഭൗമീക തലത്തിലാണെന്നുമാത്രം. നേടാവുന്നതിന്റെ അങ്ങേയറ്റം താൻ നേടുകയുണ്ടായി. മുടിയനായ പുത്രനെപ്പോലെ നഷ്ടപ്പെടത്തുന്നവനും ഒരു താലന്തു ലഭിച്ചവനെപ്പോലെ അലസനും ആയിരുന്നില്ല ഈ ചെറുപ്പക്കാരൻ.

യേശു അവനോടു പറയുന്നു നേടിയതൊന്നുമല്ല നിത്യജീവനെ കരസ്ഥമാക്കുവാൻ ആവശ്യമായിരിക്കുന്നത് എന്ന്. നീന്തി കരപറ്റുന്നതിന് പലതും ത്യജിക്കേണ്ടിയിരിക്കുന്നു. കരപറ്റുകയാണ് നിന്റെ യഥാർത്ഥ ലക്ഷ്യമെങ്കിൽ കൂടെ കരുതിയവയെ പിന്നിൽ എറിയണം.

അവൻ വലിയ ധനികനായിരുന്നു. യുവാവായിരിക്കെ ഇത്രയധികം വെട്ടിപ്പിടിച്ച ആളെ അവനു പരിചയമില്ല. അവന്റെ നേട്ടങ്ങളിൽ അനാവശ്യമായ ഏതോ ഒരു സംതൃപ്തി അവനെ കബളിപ്പിച്ചിരിക്കുന്നു. അവൻ പിൻതിരിഞ്ഞു ലോകവും നേട്ടങ്ങളും അവനെ സ്വാഗതം ചെയ്യുന്നുണ്ടായിരുന്നു. അവൻ തെല്ലു ദുഃഖത്തോടെ വിട പറഞ്ഞു.

യേശുവിന്റെ അരികിലെത്തിയിട്ട് നിരാശപ്പെട്ടു പോയ ഏക വ്യക്തി ഈ യുവാവാണ്. നമ്മിൽ പലരുടെയും പ്രതിനിധി. സ്വർഗ്ഗം മരീചികയായി ഈ യുവാവിന് മുന്നിൽ നില്ക്കുന്നു. ഒരു ചുവടുപോലും മുന്നേറാൻ ഭൗമീകതയാൽ ബന്ധിക്കപ്പെട്ട അവന്റെ കാലുകൾക്ക് കഴിയുന്നില്ല.

യേശുനാഥൻ പറയുന്നത് ഒരു മനുഷ്യൻ സർവ്വലോകവും നേടുകയും അവൻ തന്റെ ആത്മാവിനെ നഷ്ടമാക്കുകയും ചെയ്താൽ അവന് എന്തു പ്രയോജനം എന്നാണ്

ആധുനിക കാലത്തെ പ്രബോധനങ്ങളോ മാതൃകകളോ ശിക്ഷണങ്ങളോ ഒന്നുമില്ലാതിരുന്ന പരിഷ്കൃത ഭാവങ്ങൾ ഭൂമിയെ സന്ദർശിച്ചു തുടങ്ങാതിരുന്ന ഇരുളിന്റെ ഭരണകാലത്താണ് യുവാവായ മോശ തിരിഞ്ഞു നടക്കുവാൻ തയ്യാറായത്.

എല്ലാവർക്കുമെന്നപോലെ മോശയ്ക്കും ലഭിച്ചു ഒരു ആയുസ്സ്. എങ്ങനെയും വിനിയോഗിക്കുവാൻ സ്വാതന്ത്ര്യമുണ്ടായിരുന്ന ജീവിതം. ഒരു രാജ്യത്തിന്റെ ഭരണചക്രം തിരിക്കുവാനുള്ള അധികാരം കൈപ്പിടിയിൽ ഒതുക്കി നടന്ന യുവാവ്. സമ്പന്നതയുടെ മടിത്തട്ടിൽ ഊണും ഉറക്കവും. വിഷയാസക്തികളിലും സംതൃപ്തി ലോകം. ഭാവിയുടെ ഫറവോൻ. ഈജിപ്റ്റിന്റെ ചരിത്രത്തിൽ ഒരു മികച്ച ഭരണാധികാരി.

മറിച്ചൊരു ചിന്താസരണിയിലൂടെ ആ യുവാവിന്റെ കാലുകൾ മുന്നേറി. പുതിയനിയമ ഗ്രന്ഥകാരൻ ആ തീരുമാനത്തെ ഇങ്ങനെയാണ് വിശേഷിപ്പിച്ചത്. പാപത്തിന്റെ താല്ക്കാലിക ഭോഗത്തെക്കാളും ദൈവജനത്തോടു കൂടെ കഷ്ടമനുഭവിക്കുന്നത് തിരഞ്ഞെടുത്തു എന്നും പ്രതിഫലം നോക്കിയതുകൊണ്ട് ഫറവോന്റെ പുത്രിയുടെ മകൻ എന്നു വിളിക്കപ്പെടുന്നത് നിരസിച്ചു എന്നുമാണ്.

എത്ര അത്ഭുതകരദർശനം! പാപജീവിതത്തോടു വിട. പ്രതിഫലം ലക്ഷ്യമിട്ടുള്ള യാത്ര. ഏതൊരു യുവാവിനും പിൻപറ്റാവുന്നതും പിൻതുടരേണ്ടതുമായ ദൈവവഴി. യൗവ്വനക്കാരനായിരുന്ന ജോസഫിനും പൗലൊസിനും തിമൊഥെയോസിനും എല്ലാം ഈ പാത അനുഗ്രഹത്തിന്റെയും ധന്യതയുടെയും പര്യായമായി.

നിത്യജീവന്റെ പാതയും നിത്യപ്രതിഫലത്തിന്റെ അവകാശവുമല്ലെ ഈ ആയുസ്സുകൊണ്ട് നാം നേടേണ്ടത്? അതിനുള്ള ഒരു ജീവിതമല്ലെ ദൈവം ഔദാര്യമായി നമുക്കു നൽകിയത്? കൃത്യമായ കണക്കു കൂട്ടലുകളിലൂടെ ജീവിതം വിജയകരമാക്കുവാൻ നമുക്കു ഇടയാകട്ടെ.

രാത്രി കഴിവാറായ സമയം അഗസ്തീനോസ് സുഹൃദ്സമാഗവും മദ്യപാനവും വെറിക്കൂത്തുകളും കഴിഞ്ഞു ഭവനത്തിന്റെ ഉള്ളിലെത്തുന്നു. തുറന്ന വേദപുസ്തകത്തിനുമുന്നിൽ കിടക്കുന്ന മാതാവിന്റെ ദയനീയ ചിത്രം അഗസ്റ്റിൻ കണ്ടു. ആഴത്തിൽ നിദ്രയിൽ വീണ മാതാവിന്റെ മുന്നിൽ കണ്ണീർ നനവിൽ കുതിർന്ന ബൈബിൾ എടുത്തു അവൻ മുറിയിലേക്ക് പോയി. പൗലൊസ് റോമർക്ക് എഴുതി നല്കിയ ലേഖനമാണ് തുറന്ന നിലയിൽ അഗസ്റ്റിൻ കണ്ടത്. പതിമൂന്നാം അദ്ധ്യായത്തിൽ പതിനൊന്നിൽ തുടങ്ങുന്ന ഭാഗം തന്റെ കണ്ണുകളെ അമ്പരപ്പെടുത്തി. അതൊരു ദൈവീക ഇടപെടൽ ആയിരുന്നു. ജീവിതം ആകമാനം തകിടം മറിഞ്ഞ അഗസ്റ്റിന്റെ ചിട്ടപ്പെടൽ അന്നു സംഭവിച്ചു. ഒരു സമർപ്പണത്തിലൂടെ.

അമ്മയുടെ കണ്ണീർ വറ്റിയ സ്ഥാനത്തെ പുതിയ ചാലുകൾ അഗസ്റ്റിന്റെ കൺകോണുകളിൽ സ്ഥാനം പിടിച്ചു. പുതുമനുഷ്യനാകുവാൻ അധികം നാഴിക വേണ്ടിവന്നില്ല. ഇന്ന് ലോകം ആദരിക്കുന്ന വിശുദ്ധരിൽ ഒരുവനായി അഗസ്റ്റീനോസ് മാറി. ലോകചിന്തയും ജഢീക താല്പര്യങ്ങളും ദൈവവിരുദ്ധ ജീവിതശൈലിയും പറിച്ചെറിഞ്ഞ് പുതുസമർപ്പണത്തിലൂടെ പുതുമനുഷ്യനാകുവാൻ ആർക്കാണ് കഴിയാതിരിക്കുക?

ലോകത്തെ കീഴ്മേൽ മറിക്കുവാൻ ഒരു സമൂഹത്തെ ദൈവം കാത്തിരിക്കുന്നു. അത് നമ്മിൽ ആരംഭിച്ചിരുന്നെങ്കിൽ! ●

ഗവേഷണ പഠനം – 1



ലിജോ വർഗീസ് പാലമറ്റം

# ആനുകാലിക പ്രസിദ്ധീകരണങ്ങൾ: ശക്തിയും സ്വാധീനവും

തുടർച്ച

മലയാളത്തിലെ മുത്തശ്ശി പ്രസിദ്ധീകരണമായ ജ്ഞാനനിക്ഷേപത്തിന്റെ പ്രഥമ പത്രാധിപർ ആരാണ്? കേരള സാഹിത്യ മണ്ഡലങ്ങളിൽ ഗൗരവകരമായ ചർച്ചകൾ ഈ വിഷയത്തിന്മേൽ നടന്നിട്ടുണ്ട്. മിഷനറി ബെഞ്ചമിൻ ബെയ്ലിയാണ് ജ്ഞാനനിക്ഷേപത്തിന്റെ പ്രഥമ പത്രാധിപർ എന്ന് ഒരുവിഭാഗം വാദിക്കുമ്പോൾ മറ്റൊരു വിഭാഗം മിഷനറി ഹോക്സ്‌വർത്ത് ആണെന്ന് അവകാശം ഉന്നയിക്കുന്നു. ജ്ഞാനനിക്ഷേപത്തിന്റെ പത്രാധിപർ ആരാണെന്നുള്ള തർക്കത്തിൽ തല്ക്കാലം നമുക്ക് ഇടപെടേണ്ടതില്ല. ഗവേഷകന്മാർ തമ്മിൽ തർക്കിക്കട്ടെ.

എന്നാൽ മുൻ സൂചിപ്പിച്ച ചരിത്ര വിവരണങ്ങളിലൂടെ ഒരു വസ്തുത അറിഞ്ഞിരിക്കേണ്ടതുണ്ട്. മലയാള ഭാഷയിലെ ആദ്യത്തെ ആനുകാലികങ്ങളായ രാജ്യസമാചാരവും ജ്ഞാനനിക്ഷേപവും തിരുവചനസത്യങ്ങൾ ജനങ്ങളിൽ എത്തിക്കുന്നതിന് ദൈവം ഉപയോഗിച്ച മാർഗ്ഗങ്ങളിൽ ചിലതായിരുന്നു.

പ്രൊട്ടസ്റ്റന്റ് മിഷനറിമാർ കേരളത്തിൽ വരുന്നതിന് മുൻപ് തന്നെ കത്തോലിക്കാ മിഷനറിമാർ കേരളത്തിൽ എത്തുകയും മിഷനറി പ്രവർത്തനം ആരംഭിക്കുകയും ചെയ്തിരുന്നു. എന്നാൽ കത്തോലിക്കാ മിഷനറിമാർ മാധ്യമരംഗത്ത് വളരെ പുറകിലായിട്ടാണ് കടന്നുവന്നത്. 1876ൽ എറണാകുളം ജില്ലയിലെ കൂനമ്മാവിൽ നിന്ന് സത്യനാദകാഹളം (പിന്നീട് സത്യദീപം) പ്രസിദ്ധീകരിച്ചാണ് കത്തോലിക്കാസഭ തങ്ങളുടെ വരവ് അറിയിച്ചത്. 1884ൽ കോഴിക്കോട് നിന്ന് കേരളപത്രികയും 1887ൽ മാങ്ങാനത്ത് നിന്ന് നിധിരിക്കൽ മാണിക്കത്തനാരുടെ നേതൃത്വത്തിൽ നസ്രാണി ദീപികയും പ്രസിദ്ധീകരണ രംഗത്ത് എത്തി. ക്രൈസ്തവസഭയെ ഒന്നിപ്പിച്ച് നിറുത്തുക എന്നതായിരുന്നു നസ്രാണി ദീപികയുടെ ലക്ഷ്യമെങ്കിലും ഒരു വിഭാഗം അതിൽ നിന്ന് അടർന്നുമാറി 1890ൽ 'മലയാളമനോരമ' ആരംഭിക്കുകയും നസ്രാ ണി ദീപിക 'ദീപിക' എന്ന പേരിൽ കോട്ടയത്ത് നിന്ന് പ്രസിദ്ധീകരണം ആരംഭിക്കുകയും ചെയ്തു.

**മലങ്കര ഉണരുന്നു.**

സി.എം.എസ്., എൽ.എം.എസ്. ബാസൽ മിഷ്യൻ എന്നീ സംഘടനകളുടെ പരിശ്രമഫലമായി മലങ്കരയിൽ ആത്മീയ വെളിച്ചം രൂപം കൊണ്ടു. മുമ്പ് സൂചിപ്പിച്ച രാജ്യ സമാചാരവും ജ്ഞാനനിക്ഷേപവും അതിന് കൂടുതൽ പ്രചോദനം നല്കി. മിഷനറിമാരുടെ നേതൃത്വത്തിൽ ബൈബിൾ പരിഭാഷകൾ ഭാഗികമായി പുറത്തുവന്നതോടെ ജനം വചനം കേൾക്കുവാൻ കാതോർത്തു. സുറിയാനി ക്രിസ്ത്യാനികൾക്കിടയിലാണ് പ്രധാനമായും ഈ ആത്മീയ ചലനം ഉണ്ടായത്. മിഷനറിമാരുടെ വചന പ്രഘോഷണം ശ്രവിക്കുവാൻ ജനം കൂട്ടമായി ഓടി എത്തി. സുറിയാനി സഭയിലെ ചില വൈദികന്മാർ ഏബ്രഹാം മൽപ്പാന്റെ (1796–1845) നേതൃത്വത്തിൽ സഭക്ക് എതിരായി രംഗത്ത് എത്തി. സഭയിലെ വേദവിപരീതങ്ങൾക്കും അനാചാരങ്ങൾക്കും എതിരെ അവർ വചനാധിഷ്ഠിത നിലപാട് സ്വീകരിക്കുവാൻ ധൈര്യം കാണിച്ചു. സുറിയാനി സഭയുടെ ഭീഷണിക്ക് മുമ്പ് ഏബ്രഹാം മൽപ്പാൻ തലതാഴ്ത്തിയില്ല. മൽപ്പാന്റെ നവീകരണ ശ്രമങ്ങൾ സഭാചരിത്രത്തിൽ സുപ്രധാനമാണ്. ഇതോടെ മലങ്കര സുറിയാനി സഭ മലങ്കര മാർത്തോമാസഭ എന്നും യാക്കോബായ സഭ എന്നും രണ്ടായി പിരിഞ്ഞു. (1834) എബ്രഹാം മൽപ്പാന്റെ നവീകരണ സന്ദേശം ഉൾക്കൊണ്ട മാത്യൂസ് മാർ അത്താനാസിയോസ് (1843–1877) സ്വതന്ത്രമായ സുവിശേഷ പ്രവർത്തനം ആരംഭിച്ചു. പ്രാർത്ഥനയും വചനപ്രഘോഷണവും പള്ളിക്കകത്ത് മാത്രം എന്ന എപ്പിസ്കോപ്പൽ നിലപാട് മാറ്റംകണ്ടുതുടങ്ങി. എഴുതി വച്ച പ്രാർത്ഥനകളിൽ നിന്ന് വ്യത്യസ്തമായി സ്വതന്ത്രമായി പ്രാർത്ഥിക്കണമെന്ന് അദ്ദേഹം ആവശ്യപ്പെട്ടു. എബ്രഹാം മൽപ്പാന്റെയും മാത്യൂസ് മാർ അത്താനാസിയോസിന്റെ യും ശ്രമഫലമായി യാക്കോബായ സഭയ്ക്ക് ഒരു ഉണർവ്വ് ഉണ്ടായി എന്നല്ലാതെ ആത്മീയ ക്രമീകരണം ഉണ്ടായതായി കാണുന്നില്ല. ഈ അവസ്ഥക്ക് ഒരു പരിഹാരം ഉണ്ടായത് ജെ.സി. അരുളപ്പന്റെ കേരള സന്ദർശനം മൂലമാണ്. ജെ.സി.അരുളപ്പനെ കൂടാതെ മലങ്കരയിലെ ഉണർവ്വിന് ദൈവം മുഖാന്തരമാക്കിയ ചിലരുടെ പേരുകൾ മാത്രം പരാമർശിക്കട്ടെ. ആഗൂർമാസില്ലാമണി, പാണ്ടിക്കാരൻ മത്തായി ഉപദേശി, യൂസ്തൂസ് ജോസഫ്, ജെ.സി. ഗ്രഗ്സൺ ഇവരുടെ പരിശ്രമപ്രകാരം മലങ്കര അക്ഷരാർത്ഥത്തിൽ ഉണർത്തപ്പെട്ടു. സ്നാപക യോഹന്നാന്റെ ശുശ്രൂഷയാണ് ഇവരിലൂടെ ദൈവം നിറവേറ്റിയതെന്ന് വേണമെങ്കിൽ പറയാം.

**ആദ്യ ബ്രദറൺ സന്തതി**

മിഷനറി ജെ.സി. ഗ്രഗ്സണിന്റെ ബൈബിൾ ക്ലാസ്സിൽ പങ്കെടുത്ത പി.ഇ.മാമ്മൻ (കുമ്പനാട്ടച്ചൻ) മാർത്തോമാസഭാബന്ധം അവസാനിപ്പിച്ച മിഷനറി ഹാന്റ്ലി ബേർഡിന്റെ കൈകീഴിൽ വിശ്വാസ സ്നാനം സ്വീകരിച്ചു. വിശ്വാസ സത്യങ്ങൾക്ക് വേണ്ടി ഏറെ തീഷ്ണത പ്രകടിപ്പിച്ച പി.ഇ. മാമ്മന്റെ നേതൃത്വത്തിൽ 1902 ൽ പുറത്തിറക്കിയ സുവിശേഷകൊടി ബ്രദറൺ ആനുകാലിക രംഗത്തെ ആദ്യ സന്തതിയായി കരുതപ്പെടുന്നു. ശ്രീ. ജെ.സി.ദേവ് സാക്ഷ്യപ്പെടുത്തുന്നു "വചനാധിഷ്ഠിതമായ സഭയുടെ അടിസ്ഥാന ഉപദേശങ്ങൾ വിശദീകരിക്കുക എന്നതായിരുന്നു പ്രസിദ്ധീകരണത്തിന്റെ ലക്ഷ്യം. കരുനാഗപ്പള്ളി സ്വദേശിയായ പോൾ പീറ്റർ സുവിശേഷക്കൊടിയുടെ പ്രസിദ്ധീകരണത്തിൽ പി.ഇ. മാമ്മന്റെ സഹപ്രവർത്തകനായിരുന്നു'. മഹാകവി കെ.വി.സൈമണിന്റെ ലേഖനങ്ങൾ ആദ്യകാലം മുതലേ പ്രസിദ്ധീകരിച്ചുവന്നു. ക്രൈസ്തവ സഭയുടെ അടിസ്ഥാന ഉപദേശങ്ങൾ മഹാന്മാരായ മിഷനറിമാരുടെ ജീവിത ചരിത്രങ്ങൾ പ്രസംഗങ്ങൾ ഇതെല്ലാം സുവിശേഷകൊടിയിൽ അച്ചടിപുരണ്ടു. രൂക്ഷമായ സാമ്പത്തിക പ്രതിസന്ധിമൂലം കുമ്പനാട്ടച്ചന് സുവിശേഷകൊടി ഏറെനാൾ തുടരുവാൻ സാധിച്ചില്ല. താൽക്കാലികമായിട്ടെങ്കിലും അവസാനിപ്പിക്കേണ്ടി വന്നു. എന്നാൽ മഹാകവി കെ.വി. സൈമണിന്റെ പ്രോത്സാഹനത്തെ തുടർന്ന് 1915 ൽ സുവിശേഷകൊടി സുവിശേഷദീപിക എന്ന പേരിൽ പുനഃപ്രസിദ്ധീകരണം ആരംഭിച്ചു.

മഹാകവി കെ.വി. സൈമണിന്റെ നേതൃത്വത്തിൽ പ്രസിദ്ധീകരണം ആരംഭിച്ച മലങ്കര വിയോജിതനാണ് രണ്ടാമത് ചർച്ചചെയ്യേണ്ട ആനുകാലികം. 1919 ൽ ദ്വൈവാരികയായി ആരംഭിച്ച മലങ്കര വിയോജിതൻ 1928 മുതൽ വിയോജിതൻ എന്ന പേരിൽ മാസികയായി മാറുകയും ചെയ്തു. ക്രൈസ്തവ സത്യങ്ങൾ ആധികാരികമായും പണ്ഡിതോചിതമായും അവതരിപ്പിക്കുന്ന ഒരു ശൈലിയായിരുന്നു മലങ്കര വിയോജിതന്റേത്. കവിതയ്ക്കും സാഹിത്യത്തിനും ഇതിൽ സ്ഥാനമുണ്ട്. മലങ്കരവിയോജിതന്റെ ആരംഭത്തിങ്കൽ കെ.വി. സൈമൺ വിയോജിത പ്രസ്ഥാനത്തിലെ അംഗമായിരുന്നു. സൈമന്റെ പ്രവർത്തന ഫലത്താൽ രൂപംകൊണ്ട 26 സഭകളെ വിയോജിത സഭകൾ എന്നാണ് അക്കാലത്ത് അറിയപ്പെട്ടത്. 1929 ൽ വിയോജിത പ്രസ്ഥാനം ബ്രദറൺ സഭകളിൽ ലയിച്ചു. കഠിനമായ സാമ്പത്തിക പ്രതിസന്ധി മലങ്കര വിയോജിതന് അനുഭവിക്കേണ്ടി വന്നിട്ടുണ്ട്. ഒരിക്കൽ പത്രാധിപർ തന്നെ ഇത് സൂചിപ്പിച്ച് എഴുതി.

*"ശീമക്കമ്പനിയില്ല കാകിതമയച്ചിടാൻ,*
*വെല്ലുത്തോർ വഴി – ക്കീമന്നിൽ തുണ തെല്ലുമില്ല,*
*ചെറുതും ഫണ്ടില്ല കൊണ്ടാടുവാൻ*
*കേമത്തം പെരുകുന്ന ലേഖകരുമില്ലന്നാകിലും നാഥാ*
*നിൻ – ശ്രീമിന്നും മുഖദർശനം തരികിലോ*
*ക്ഷമാദ്ധ്യയീമാസ്യയാൾ'*

'മലങ്കര വിയോജിതൻ സാമ്പത്തിക പ്രതിസന്ധി നേരിടുന്നു എന്ന വസ്തുത തിരിച്ചറിഞ്ഞ വിയോജിത സഭാവിശ്വാസികൾ ഈ പ്രസിദ്ധീകരണത്തെ താങ്ങിനിർത്തുവാൻ തയ്യാറായവിധം ശ്രദ്ധേയമാണ്.

*(തുടരും)*

# കാലഘട്ടത്തിന് ഒരാമുഖം

4–ാം പേജിന്റെ തുടർച്ച

അന്തരീക്ഷ ഓക്സിജന്റെ അളവ് കുറയ്ക്കുകയും താപനില വർദ്ധിപ്പിക്കുകയും ചെയ്യുന്നു. അന്തരീക്ഷത്തിലേക്കുയരുന്ന വിഷവാതകങ്ങൾ സൂര്യനിൽ നിന്നുണ്ടാകുന്ന റേഡിയേഷൻ രശ്മികളെ തടഞ്ഞുനിർത്തുന്ന ഓസോൺ നിരയെ നശിപ്പിക്കുന്നു. തന്മൂലം റേഡിയേഷൻ പ്രസരണം നേരിട്ട് ഭൂമിയിലേക്ക് പതിക്കുന്നു. ബാഹ്യാകാശ ഉപാധികൾ മൂലവും യുദ്ധോപാധികൾ മൂലവും ഈ ഓസോൺ പാളി നശിക്കുന്നു. ഭൂകമ്പങ്ങൾ പ്രൗഢമായ ആധുനിക നാഗരീകതയേയും തകർത്തെറിയുന്നു. ശാസ്ത്ര സാങ്കേതികമികവിൽ ഒന്നാം സ്ഥാനത്തുള്ള ജപ്പാനിൽ അടുത്തിടെ ഉണ്ടായ ഭൂകമ്പങ്ങളിൽ ഒരു രാജ്യത്തിന്റെ സമ്പദ്ഘടന അപ്പാടെ താറുമാറായി .ഒരിക്കൽ സ്വയം പര്യാപ്തമായിരുന്ന പല രാജ്യങ്ങളും ഇന്ന് ക്ഷാമത്തെ നേരിടുന്നു. സോമാലിയ പോലുള്ള രാജ്യങ്ങളിൽ എത്രയോ ജനങ്ങൾ മരിക്കുന്നു? ലോകം കാണുന്ന വരൾച്ചയുടെയും ക്ഷാമത്തിന്റെയും ഭയാനകതയാണ് സൊമാലിയയിൽ കാണുന്നത്. അന്ത്യകാലത്ത് ക്ഷാമവും ഭൂകമ്പവും അവിടവിടെയുണ്ടാകും. വി.ഗ്രന്ഥം തെളിവു നൽകുന്നു (മത്തായി 24:7).

രാഷ്ട്രങ്ങൾ തമ്മിൽ വിലപേശുന്നു. മനുഷ്യബന്ധങ്ങൾക്ക് സ്ഥാനമില്ലാതായിരിക്കുന്നു (മത്തായി 10:21). തട്ടിപ്പിന്റെയും വെട്ടിപ്പിന്റെയും അഴിമതിയുടെയും അക്രമങ്ങളുടെയും ക്രൂരതയുടെയും കൊലപാതകങ്ങളുടെയും ബലാത്സംഗങ്ങളുടെയും വാർത്തകൾ കേട്ടുകൊണ്ടാണ് ദിവസവും രാവിലെ നാം ഉണരുന്നത്. പട്ടിണി, തൊഴിലില്ലായ്മ, അന്താരാഷ്ട്ര വാണിജ്യസമ്പ്രദായ ന്യൂനതകൾ, ഊർജ്ജം , ഭക്ഷണം, അസംസ്കൃത സാധനങ്ങൾ തുടങ്ങിയവയ്ക്കു വേണ്ടിയുള്ള മത്സരങ്ങൾ രാജ്യങ്ങൾ തമ്മിലോ മനുഷ്യർ തമ്മിലോ നടത്തുന്നു.

ജാതി തിരിഞ്ഞുള്ള സംഘട്ടനങ്ങൾ ഇന്ന് എവിടെയും പതിവ് ദൃശ്യമായിരിക്കുന്നു. സ്നേഹിക്കാൻ ദൈവം പറയുമ്പോൾ കൊലപാതകത്തിനും ആക്രമത്തിനും മനുഷ്യൻ ഒരുങ്ങുന്നു. ഇന്ത്യയിൽ ഓരോ പന്ത്രണ്ട് മിനിറ്റിലും ഒരു ആത്മഹത്യ നടക്കുന്നു. അതിലേറെ ആത്മഹത്യാ ശ്രമങ്ങളും. കാരണം മനുഷ്യൻ സമാധാനമില്ലാത്തവനായി തീർന്നിരിക്കുന്നു. എന്നാൽ യേശുക്രിസ്തുവിൽ വിശ്വസിക്കുന്ന, ജീവിതം സമർപ്പിക്കുന്ന ഒരാൾക്ക് ഈ ഘട്ടത്തിലെല്ലാം സമാധാനപൂർവ്വം ജീവിക്കുവാൻ കഴിയും (യോഹന്നാൻ 14: 27). ഇത് രണ്ടിലധികം സഹസ്രാബ്ദങ്ങളിലെ ജനകോടികളുടെ സത്യാനുഭവം ആണ്.

സാരഥികൾ 1

# കുടിലിലെ സന്തോഷം

## മഹാകവി കെ. വി. സൈമണും കെ. ജി. തോമസും ഒരു കുടിലിൽ

കങ്ങഴയിൽ ഒരു പ്രാർത്ഥന യോഗത്തിന് സൈമൺസാർ വരുമന്നൊരു പ്രതീക്ഷ ഉണ്ടായിരുന്നു. അദ്ദേഹം വന്നാൽ അന്നത്തെ നിലക്ക് വളരെ സുഖമായി താമസിക്കുവാൻ സൗകര്യമുള്ള പല ഭവനങ്ങളും കങ്ങഴയുണ്ട്. എന്റെ ഭാര്യയുടെ വീട്, അളിയൻ കുട്ടിയച്ചന്റെ ഭവനം, വലിയപ്പൻ കുളത്തൂർ ഐപ്പ് ആശാന്റെ ഭവനം ഇതെല്ലാം സാമാന്യം സൗകര്യമുള്ള വീടുകളാണ്. ആ വീടുകളിൽ സാറിനേയും സഹോദരൻമാരേയും സ്വീകരിക്കാൻ എല്ലാവരും സന്തോഷത്തോടെ കാത്തിരിക്കുകയാണ്. നേരം മിക്കവാറും വൈകി. ഞങ്ങൾക്കുള്ള ലഘുവായ ആഹാരവും തയ്യാറാക്കിയിട്ടുണ്ട്. ഞാൻ പുറത്തേക്കു നോക്കിയപ്പോൾ മൂന്ന് അതിഥികൾ കയറിവരുന്നു. എന്തൊന്നില്ലാതെ ഞാൻ അല്പമൊന്ന് അമ്പരന്നു. സൈമൺസാറും ശിഷ്യന്മാരായ പൊടികുഞ്ഞച്ചനും, കുഞ്ഞിക്കാച്ചനും രാത്രി താമസിക്കുവാൻ സൗകര്യമുള്ള ഭവനങ്ങളെ മറികടന്ന് ഞാൻ താമസിക്കുന്ന കേവലം ചെറ്റക്കുടിലേക്കു കടന്നു വന്നിരിക്കുന്നു. ആ അതിഥികളെ സന്തോഷത്തിന്റെ അശ്രുധാരകളോടെ സ്വീകരിക്കുവാൻ ഞങ്ങൾ ഇരുവർക്കും സന്തോഷമുണ്ടായെങ്കിലും ഞങ്ങൾ അവരെ എങ്ങനെ ശുശ്രൂഷിക്കും? അവർക്കു ഉറങ്ങുവാൻ സ്ഥലം എവിടെ? എന്റെ ചെറിയ കുടിലിൽ അമ്മായപ്പൻ തന്ന ഒരു കട്ടിലും, രണ്ടു ബഞ്ചുകൾ കൂട്ടിച്ചേർത്തു രാത്രിതോറും നിർമ്മിക്കുന്ന ഒരു കിടക്കയുമേയുള്ളു.



*നല്ലവസ്ത്രം, നല്ലശയ്യകൾ,*
*സുഖസാധനങ്ങൾ*
*ഇല്ലിവയിൽ ആശ ദാസന്*

എന്ന് എഴുതി പാടി ആനന്ദിക്കുന്ന ആ മഹാകവിയെ സ്വീകരിപ്പാൻ ആ സ്ഥലം മതിയായതാണെങ്കിലും ഞങ്ങളുടെ മനസ്സ് എങ്ങനെതൃപ്തിപ്പെടും? പക്ഷെ അദ്ദേഹം ഞങ്ങളെ വന്നുകണ്ടിട്ട് രാത്രി വിശ്രമത്തിന് മറ്റേതെങ്കിലും വീട്ടിലേക്കു പോകുമായിരിക്കും. എതായാലും പാൽ ചേർക്കാത്ത ഓരോ കപ്പ് കാപ്പി എന്റെ ഭാര്യ അദ്ദേഹത്തിനും കൂടെയുള്ളവർക്കും കൊടുത്തു. അതു കുടിച്ച് അദ്ദേഹം വിശ്രമിക്കുവാൻ തുടങ്ങുകയാണ്. ഇതിനിടക്കു മറ്റു വീടുകളിലേക്കു പോകുവാൻ ക്ഷണം ഉണ്ടായെങ്കിലും ഞങ്ങളോടൊരുമിച്ചുതന്നെ താമസിക്കുവാൻ അദ്ദേഹം തീരുമാനിച്ചു. അതിഥികൾക്കു അത്താഴം ഒരുക്കണം, എട്ടോ പത്തോ മാസം മാത്രം പ്രായമുള്ള ആ കൊച്ചു കുഞ്ഞിനേയും (മകൻ പരേതനായ ഡോ. ജോർജ്ജ് തോമസ്) കൊണ്ട് ഈ വൈകുംനേരത്ത് എന്തു ചെയ്യാൻ സാധിക്കും. എന്തായാലും അമ്മ കുഞ്ഞിനെകിടത്തിയിട്ട് എന്തോ പരിശ്രമത്തിലേർപ്പെട്ടു. അല്പസമയം കഴിഞ്ഞ് കുഞ്ഞ് കരയുവാൻ തുടങ്ങി. ഞാനാണെങ്കിൽ ഒരു അപ്പനായതേയുള്ളു. ഒരു കുട്ടിയെ എടുക്കുവാനും താലോലിക്കുവാനും താലോലിച്ചു കരച്ചിൽ നിർത്തുവാനും ഒന്നും തന്നെ പരിചയിച്ചിട്ടില്ല. ഞാൻ അതിനു ഒരുമ്പെടുന്നതിനു മുമ്പുതന്നെ ആ മാന്യാതിഥി മുന്നോട്ടു നീങ്ങി. ആ പിഞ്ചുകുഞ്ഞിനെകൈയിലെടുത്തു താലോലിച്ചുകൊണ്ട് അങ്ങോട്ടുമിങ്ങോട്ടും നടപ്പായി. എത്ര സമയം അദ്ദേഹം അതിനെഎടുത്തുകൊണ്ട് നടന്നുവെന്ന് എനിക്കു ഓർക്കുവാൻ കഴിയുന്നില്ല. എന്തായാലും അന്ന് ഡൈനിംഗ് ടേബിളായി ഉപയോഗിക്കുന്ന ആ ബഞ്ചിൽ ഭക്ഷണം വളമ്പിവയ്ക്കുന്നതുവരെ ആ കരങ്ങളിൽ എന്റെ കുഞ്ഞ് വിശ്രമിച്ചതായിട്ടാണ് ഓർമ്മ. ഇന്നു ചിന്തിക്കുവാൻപോലും കഴിയാത്ത അസൗകര്യങ്ങൾ, ദരിദ്രമായ ഒരു ഭവനം, എങ്കിലും നിഷ്കളങ്കമായ ക്രിസ്തീയ ബന്ധത്തിന്റെയും വിലയേറിയ സാഹോദരത്വത്തിന്റെയും കൂട്ടായ്മയുടെയും മഹത്വത്തിൽ ഞങ്ങൾ ഒരുമിച്ചുകഴിച്ച ആ ദിവസങ്ങൾ നിസ്തുലങ്ങളായിട്ടാണ് ഇന്നും കാണുന്നത്. എളിയ കുടിലിലെ ഞെരുങ്ങിയ ജീവിതകാലം എന്റെ ക്രിസ്തീയ അനുഭവങ്ങൾക്ക് രൂപം കൊടുക്കുന്ന മനോഹരദിവസങ്ങൾതന്നെയായിരുന്നു.

*(കെ.ജി. തോമസിന്റെ ആത്മകഥയിൽ നിന്ന്)*

*സമ്പാദകൻ: പി.ഇ.എസ്.*

# മിഷനറി ജോയ് റ്റിൽസ്ലി ശുശ്രൂഷ തികച്ചു

1–ാം പേജിന്റെ തുടർച്ച

കുട്ടികളെ ഗേൾസ് ഹോമിൽ പാർപ്പിച്ച് അവർക്ക് ജീവിതം കൊടുക്കുവാൻ ഈ മിഷനറി വനിതയ്ക്ക് സാധിച്ചു. അനാഥാലയത്തിൽ താമസിച്ചുകൊണ്ട് പ്രാഥമിക വിദ്യാഭ്യാസം പൂർത്തിയാക്കുന്ന പെൺകുട്ടികൾക്ക് നർസാപൂർ ഹോസ്പിറ്റലിൽ നേഴ്സിംഗ് പഠനവും ടെയ്ലറിംഗ്, അദ്ധ്യാപനം എന്നീ മേഖലകളിലും അവസരം നൽകി. 360 പെൺകുട്ടികളാണ് ഇപ്പോൾ അനാഥാലയത്തിൽ പഠനം നടത്തുന്നത്. ചെറുപ്രായത്തിൽ തന്നെ ഈ കുട്ടികൾ വചനത്തിൽ ഏറെ അറിവു നേടുന്നു. അത് അവരുടെ ശിഷ്ട ജീവിതത്തെ സ്വാധീനിക്കുന്നു. ഗേൾസ് ഹോമിൽ അവരുടേതായ ഒരു സഭാകൂടിവരവും ഉണ്ടെന്നുള്ളത് എത്ര പ്രശംസനീയമാണ്.

അനാഥശാലയുടെ നടത്തിപ്പു മാത്രമല്ല, നർസപ്പൂർ ഹോസ്പിറ്റൽ, കുഷ്ടരോഗാശുപത്രി, ഹെബ്രാൻ ഗേൾസ് ഹോം, വുമൻസ് ഹോസ്പിറ്റൽ, കണ്ണാശുപത്രി, മിഷൻ സ്കൂൾ എന്നിവയുടെയും ചുമതലയിൽ ഈ മിഷനറി സജീവമായിരുന്നു. ഈ പ്രവർത്തനങ്ങളിൽ സ്റ്റ്യൂവാർഡ് അസ്സോസിയേഷൻ ഇന്ത്യയെ ഉൾപ്പെടുത്തിസഹകരിച്ചിരുന്നു. യേശുവിനുപകരം അവഗണിക്കപ്പെടുന്നവരുടെ മധ്യേ ശുശ്രൂഷകൾ നിർവഹിച്ച ഈ മിഷനറി വനിത ഏറെ പ്രതിഫലം നിത്യതയിൽ ഏറ്റുവാങ്ങും. സംശയം വേണ്ട.

# BCCF:

## No Need For Confusion

*A* conference of representatives from Kerala Brethren Assemblies gathered at Kumbanad (Kerala) on 8th October 2010. Numerous senior evangelists, teachers, and servants of God participated in this conference, and made the aims and objectives clear on the very same day. However, certain media have made confusing statements about this program mainly due to their misunderstanding. BCCF has not yet responded to any of these misleading statements. We did not respond because we are convinced that arguments among God's children do not edify the church. However, the believers do need a few more things and we offer them here to clarify the situation further.

Those who took initiative for this gathering are not ignorant of the strong stand took by our fathers in the light of the Scriptures. BCCF therefore does not hurt the autonomy of the local churches, and does not interfere in the internal matters of local churches. It is an absolute truth that Brethren assemblies will not in any way accept that kind of activities. Brethren church history makes that adequately clear.

Some have alleged that BCCF has been establishing centers. This is totally false. People who came to the Kumbanad meeting were temporarily divided into various centers (as per the prevailing practices) only for the convenience of discussion and to give opportunity for expression to people from every region. It is this kind of a grouping that gave opportunity to people from certain region to express differing opinions. If that were not done, the opinion of this minority would have gone unnoticed.

Some have brought allegations against the name BCCF (Brethren Christian Churches Fellowship). However, there is no substance in these allegations. What we did was to accept the counsel of a highly respected person among to omit the use of the word "committee" and the word "fellowship" used. (I am sure my readers will notice the name YMEF). The name BCCF was accepted unanimously and without any opposition by the General Body that gathered at the Angamally meeting.

The church at Angamally has been facing a local problem. The church there has the ability to face this problem. BCCF is therefore not getting involved in it. However, there is another aspect to the case where the then government of Kerala declared that the Brethren are not a Christian church at all. The assemblies together brought to the attention to the government both the injustice as well as the unfairness of this government order and this had a favourable result. At the same time, BCCF will not get involved in the problems of any local church without a request from the church or the evangelist in that place.

The General body of BCCF that gathered at Angamally nominated an Executive Body for the efficient running of this ministry. An advisory body was also formed, and it was made of a large number of mature and experienced brothers who can give wise and Biblical counsel to BCCF.

The magazine Indian Brethren is being published as per the decision of the Executive and Advisory bodies. This magazine is collectively owned by the Brethren Assemblies. There is no place in this publication for individual likes and dislikes.

We shall not be depending upon any non Brethren organization for the publication and management of this magazine. Nor will BCCF have any project other than what has been entrusted to it by the assemblies through the General body. This magazine will be run using only subscriptions and donations from our brothers and sisters.

Today we need a directory of assemblies. We also need registers for keeping record of births, marriage, baptism, and deaths in our assemblies. (BCCF will be helping in these matters). If any of our churches wishes to register as a Trust or a Society, BCCF will be happy to offer legal help and advise. BCCF shall not do anything without the knowledge and permission of the Executive and the Advisory bodies.

There is a humble request in the name of Christ to brethren who use Internet, social networks, magazines and other media: we do not need mud-slinging. Speaking ill of brethren is not the way of believers. Do not think that this ministry will cease to exist if they spread false news and accusations. Kindly examine 1 Thessalonians 2:4-6. We respect the brethren who oppose this ministry. We also love them seeing they are Brethren believers. Our call is to grow in the ministry of the Lord. Let God the Holy Spirit grant us the grace for doing that.

### പബ്ലീഷർ എഴുതുന്നു

ഇന്ത്യൻ ബ്രദറൺ എന്ന ക്രിസ്തീയ പ്രസിദ്ധീകരണം വീണ്ടും നിങ്ങളുടെ കൈകളിൽ എത്തിച്ചേർന്നിരിക്കുന്നു. നിങ്ങളുടെ വിലയേറിയ അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ദയവായി ഞങ്ങളെ അറിയിച്ചാലും. ആത്മീകാഭിവൃദ്ധി ലക്ഷ്യമിട്ടുള്ള ഒരു ശുശ്രൂഷയാണിത്. പ്രാർത്ഥന അനിവാര്യമാണ്. സഹകരണ പ്രതീക്ഷകളോടെ..

പബ്ലീഷർ

# Death And Burial Registers



**Dr. Johnson C. Philip**

When the society in general was good and free of crimes, very little laws were needed. However, as the population grows and crimes increase, everyone is forced to take care of legal matters in their day to day life.

Keeping accurate records of death and burial in assemblies is one example. When the assembly movement started in India more than a century ago, no burial records were needed. People were buried in unmarked graves and very soon the place of burial was forgotten. However, things are totally different today, and it is advisable that every church now keep accurate and detailed records of death and burial of their members.

Some years back I came across an incident when a man died away from his family and was buried in a common Christian graveyard in North India. A little after that some friends of this man came to the grave, exhumed full or part of the body, cremated it there, and sent some of the ashes to the family at their request. People soon discovered this incident, but fortunately there was no police case. Anything can happen as the criminal nature of humans and their tendency to break laws increases.

Suicide cases are on the increase among us and that also creates legal problems. Thus those who are on the oversight of churches should adopt firm protocols and standard operating procedures to deal with death and burial. The first thing is to have a good quality register with pages numbered consecutively. The second thing is to enter as much detail as the oversight can obtain from the family related to birth, death, and the names and addresses of the next of kin. The church should also obtain a photocopy of the death certificate issued by a doctor. This should not be difficult, seeing it is becoming common to issue death certificates these days.

Also, the family should be requested to give a copy of the government death certificate which they get a few weeks after death is registered in the Birth and Death records office. The church should also obtain the signatures of at least two from the next of kin, plus two witnesses before the actual burial takes place.

The above might look cumbersome to begin with. However, once the Standard Operating Procedure is laid out, things will become automatic and it will not be difficult to do these things. Some might feel that this is all unnecessary. True, this might not be necessary but this does not mean this is useless. We do not stop locking doors at night if there has been no theft in our neighbourhood for ten years. In the same way we should never ignore the realities. Better to take care and be safe than mourn when you are caught in a legal tangle.

## U.M. Dorairaj: A Martyr

U.M. Dorairaj is the first Brethren assembly martyr in India, but very few people have heard about him. He was a firt-generation Christian, and a class-fellow of evangelist Philip Abraham at Hindustan Bible Institute, Chennai. After his graduation he served the Lord with the Triplicane assembly for close to two years. Having received a call to serve the Lord, he then decided upon Alwar in Rajasthan as his future field of ministry.

In 1960 first went to Gwalior in MP and stayed with evangelist Philip Abraham for several months to accustom himself to the language and culture of North India. From there he moved to Kota in Rajasthan for the same purpose. Having now become reasonably accustomed to North India, he moved to Alwar in Rajasthan and started operating from a rented house. He used to distribute tracts and gospels on a regular basis, as was the custom of all evangelists at that time with an HBI background. He was a man devoted evangelism and also man of prayer, and used to spend considerable time in prayers.

Alwar at that time was known for its anti Christian population, and it was not easy for a south Indian to continually minister in this place. Yet he persisted in his work. However, report came soon after that brother Dorairaj has been missing. Evangelists Philip Abraham, MA Thomas and KC John rushed to the spot and found that except for his sandals everything was there in his room. This ruled out the possibility that he had gone out in a formal manner. This also made it clear that he was somehow taken out of the house in his household clothes.

After much search no trace could be detected, and based upon circumstantial evidence these brethren had to conclude that brother Dorairaj was no longer alive. Thus he became the first to die from the assemblies as a Martyr. The news sent chills down the spine of believers in North India, but brother TJ Joseph who as already there in Rajasthan boldly decided that the task of evangelization cannot be left incomplete. He announced his decision to move to Alwar to continue the ministry.

Five decades from thence today there is a powerful assembly testimony, English Medium School, a Bible School, and numerous other ministries in Alwar, spearheaded by brother TJ Joseph. The martyrdom of Dorairaj did not go in vain.

**J.C.P.**

## പൗലോസിന്റെ ജീവിതദർശനം

**3–ാം പേജിന്റെ തുടർച്ച**

വ് വസിക്കുന്ന (1 കൊരി. 3:16, 6:19) ദൈവാലയമാണെന്നു മനസ്സിലാക്കി ദൈവത്തിനുവേണ്ടി മാത്രം അതിനെ ഉപയോഗിക്കുമ്പോൾ അത് ബുദ്ധിയുള്ള ആരാധനായായി തീരുന്നു. ആരാധനയെക്കുറിച്ച് ഒരു നവ അവബോധമാണിതു തരുന്നത്. ഒരു പള്ളിയിലോ സഭയിലോ ഞായറാഴ്ച നടക്കുന്നതു മാത്രമല്ല ആരാധന. മറ്റു ദിവസങ്ങളിലെ നമ്മുടെ പ്രവർത്തനങ്ങളും ആരാധനയാണ്. സ്കുളുകളിലും ഫാക്ടറികളിലും കൃഷിയടങ്ങളിലും ദൈവത്തിനു സമർപ്പിക്കപ്പെട്ടവരായി നാം ജോലി ചെയ്യുമ്പോൾ നാം ആരാധിക്കുകയാണ്. ഇതോടു ചേർന്നു തന്നേ മനസ്സിനുമുണ്ടാകണം ഒരു നിരന്തര നവീകരണവും ദിവ്യജീവപരിണമവും. ഈ ഭൗതിക ലോകത്തിനു അനുരൂപമായ മാറ്റം മനസ്സിനുണ്ടാകാനാണ് സാധ്യത. എന്നാൽ ഈ ലോകത്തിന് അനുരൂപമാകാതെ ദൈവനുരൂപമായ മാറ്റമാണ് മാനസികമായി വിശ്വാസിക്കുണ്ടാകേണ്ടത്. ഒരു പുഴുസമാധിദശയിൽ കടന്ന് അത് ഒരു ചിത്രശലഭമായി രൂപാന്തരപ്പെടുന്നുപോലെ. ശരീരത്തെയും മനസ്സിനെയും ആത്മാവിനെയും സംബന്ധിച്ച ഈ പ്രായോഗിക വേദശാസ്ത്രം മറ്റൊരു തത്ത്വശാസ്ത്രത്തിലും കാണാനാകുകയില്ല.

ക്രൈസ്തമൂല്യങ്ങൾക്കു സ്ഥാനമില്ലാത്ത ഒരു മേഖലയുമില്ല. "നിങ്ങൾ ചെയ്യുന്നതൊക്കെയും മനുഷ്യർക്കെന്നല്ല കർത്താവിനു എന്നപോലെ മനസ്സോടെ ചെയ്‌വിൻ" (കൊലോ. 3: 23) പൗലൊസ് കൊലോസ്യയിലെ വിശ്വാസികളെ പ്രബോധിപ്പിച്ചു. തെസ്സലോനിക്യയിലെ വിശ്വാസികൾക്കു കൊടുത്ത ഗുണദോഷം ഇതാണ്. "സ്വന്ത കാര്യം നോക്കാനും സ്വന്തകൈകൊണ്ടു ജോലിചെയ്യാനും അഭിമാനം തോന്നണം" (1 തെസ്സ. 4: 12). പൗലൊസിന്റെ വീക്ഷണത്തിൽ തൊഴിൽ മാന്യമാണ്. ക്രിസ്തുവിശ്വാസികൾ തൊഴിലിന്റെ അന്തസ്സിൽ വിശ്വസിക്കുന്നവരും ചെയ്യുന്നതൊക്കെ ആത്മാർത്ഥമായി കർത്താവിനുവേണ്ടി എന്ന മനോഭാവത്തിൽ ചെയ്യുന്നവരും ആയിരിക്കണം എന്നു പൗലൊസ് ആഗ്രഹിച്ചു. ഈ 'തൊഴിൽ സംസ്കാര'വും പൗലൊസിന്റെ ജീവിതതത്ത്വശാസ്ത്രത്തിൽ പെടും.


മനുഷ്യന്റെ മുമ്പിൽ ഒരു കടംകഥയുടെ ചോദ്യമായി ഉന്നയിക്കപ്പെടുന്ന ജീവിതത്തിന് ശരിയുത്തരം തരുന്ന ആത്മീയ പ്രതിഭയാണ് പൗലൊസ്. മരണത്തെ ചേർത്തുവച്ച് ജീവിത സമസ്യ പൂരിപ്പിച്ച ദിവ്യകാവ്യാകൃത്തെന്നും പറയാം. "എനിക്കു ജീവിക്കുന്നതു ക്രിസ്തു, മരിക്കുന്നതു ലാഭം" എന്നു പറഞ്ഞപ്പോൾ സങ്കീർണ്ണമായ ജീവിത ഗണിതത്തിന്റെ ക്ലൂ നമുക്കു പൗലൊസ് പറഞ്ഞുതരികയായിരുന്നു. കാലത്തിൽ മനുഷ്യാസ്തിക്യത്തിനുള്ള പ്രസക്തിയും ധർമ്മവും നിത്യതയിൽ അതിനുള്ള അനന്തമായ അർത്ഥവ്യാപ്തിയും മഹത്വവും എല്ലാം തന്നേ അതിലുണ്ട്.

പി.ബി. നമ്പർ 38
കുമ്പനാട്
കേരളം – 689547
ഫോൺ: 9495204611
indianbrethrennews@gmail.com
www.indianbrethren.org

MONTHLY
# Indian Brethren
സത്യവചനം സാഹോദര്യം സ്വാതന്ത്ര്യം സഹവർത്തിത്വം

വാർഷിക വരിസംഖ്യ ` 60
2011 JULY
For private circulation only

## സൗത്ത് വെസ്റ്റ് സിൽവർ ജൂബിലി കോൺഫറൻസ്: അനുഗ്രഹീത സമാപനം




**സുവനീർ പ്രകാശനം:** *വില്യം ജോൺ, സാമുവൽ തോമസ്, ജോർജ് കുര്യൻ, സണ്ണി എഴുമറ്റൂർ, പി.റ്റി. ഫിലിപ്പ്, ചെറിയാൻ വർഗീസ്, കെ.സി. മത്തായി, ജോൺ ജോസഫ്, സ്കറിയ വർഗീസ് എന്നിവർ*

**ഡാളസ്:** നൂറിൽ താഴെ വിശ്വാസികളോടെ 1987ൽ ആരംഭിച്ച സൗത്ത് വെസ്റ്റ് കോൺഫറൻസ് സിൽവർ ജൂബിലി വർഷവും അനുഗ്രഹകരമായി സമാപിച്ചു. ജൂൺ 25ന് സ്തോത്രസമ്മേളനത്തോടെ സമാപിച്ച കോൺഫറൻസിൽ 700ൽപരം സഹോദരീസഹോദരന്മാർ പങ്കെടുത്തു.

ലക്ഷ്യത്തിലേക്കു ഓടുക എന്ന ചിന്താവിഷയത്തെ അധികരിച്ച് കർതൃദാസന്മാരായ അലക്സാണ്ടർ കുര്യൻ, ജോൺ കുര്യൻ, ജോർജ്ജ് കോശി, റക്സ് ട്രോഡൻ എന്നിവർ സന്ദേശങ്ങൾ നല്കി. സി. എം. ജോൺ, അനിയൻ വർഗീസ്, പി. ജെ. ആന്റണി, ബാബു പിബ്ലേക്കർ, ബ്രാഡ് കോളിയർ, ആഷ്ലി കുര്യൻ എന്നിവർ വിവിധ ശുശ്രൂഷകൾ നിർവ്വഹിച്ചു. സോദരീസമാജം, യുവജന സമ്മേളനം, ചർച്ചകൾ, വിശകലനങ്ങൾ, സ്തോത്രസമ്മേളനം തുടങ്ങിയ പരിപാടികളും നടന്നു.

സിൽവർ ജൂബിലിയോടനുബന്ധിച്ചു നടന്ന സ്തോത്രശുശ്രൂഷയിൽ ബ്രദർ സ്കറിയാ വർഗീസ് അദ്ധ്യക്ഷനായിരുന്നു. ബ്രദർ കെ. സി. മത്തായി സമ്മേളനം ഉദ്ഘാടനം ചെയ്തു. സിൽവർ ജൂബിലി സുവിനീർ ബ്രദർ പി.റ്റി. ഫിലിപ്പ് പ്രഥമ കോപ്പി ബ്രദർ ചെറിയാൻ ഇ. വർഗീസിന് നല്കി പ്രകാശനം ചെയ്തു. സൗത്ത് വെസ്റ്റ് കോൺഫറൻസിന്റെ പ്രഥമ സമ്മേളനത്തിലെ ചിന്താവിഷയം ക്രിസ്തീയ ഭവനം എന്നുള്ളതായിരുന്നു. ഇന്നാകട്ടെ സ്ഥിരതയോടെ ഓടുക എന്നതും. യെരുശലേമിൽനിന്നും എമ്മൗസിലേക്ക് പോയ ശിഷ്യന്മാരോടൊപ്പം സഞ്ചരിച്ച കർത്താവ് കഴിഞ്ഞ 25 വർഷക്കാലം ഇവിടെയുള്ള ദൈവജനത്തിനൊപ്പം ഇരുന്ന് വഴിനടത്തി. സ്ഥിരതയോടെ ഓടുവാൻ സഹായിച്ചു. ബ്രദർ പി. റ്റി. ഫിലിപ്പ് സുവിനീർ പ്രകാശനം ചെയ്തു അനുസ്മരിച്ചു.

സാമുവേൽ തോമസ്, ബാബു കുരവയ്ക്കൽ, വില്യം ജോൺ, ബേബി ജേക്കബ്, ജോർജ്ജ് കുര്യൻ, പി. വി. നൈനാൻ, പൈലി വർഗീസ്, സാം പുതുക്കേരിൽ, ജോൺ ജോസഫ്, ജോസ് ചെറിയാൻ, എം. ഒ. മോഹൻ തുടങ്ങിയവർ വിവിധ ശുശ്രൂഷകൾ നിർവ്വഹിച്ചു.

## ബൈബിൾ ലിറ്ററേച്ചർ ഫോറം വിശേഷാൽ സമ്മേളനം

**ഹൂസ്റ്റൺ:** ബൈബിൾ ലിറ്ററേച്ചർ ഫോറത്തിന്റെ ഒരു വിശേഷാൽ സമ്മേളനം സൗത്ത് വെസ്റ്റ് ബ്രദറൺ കോൺഫറൻസിനോടനുബന്ധിച്ചു നടന്നു. സെക്രട്ടറി മാത്യു വൈരമൺ ഫോറത്തിന്റെ പ്രവർത്തനങ്ങളുടെ വിവരണം നൽകി. നോയൽ ഡാനിയേൽ രചിച്ച ഹെഡ് കവറിംഗ് എന്ന ഗ്രന്ഥം ഡോ. സണ്ണി എഴുമറ്റൂർ ജോർജ്ജ് കോശി മൈലപ്രയ്ക്ക് നൽകി പ്രകാശനം ചെയ്തു. ജോർജ്ജ് കുര്യൻ, ഡാളസ് താൻ നിർവ്വഹിച്ച അയൺസൈഡിന്റെ വെളിപ്പാടു പുസ്തകപരിഭാഷ പരിചയപ്പെടുത്തി. അഡ്വ. ബേബി പോൾ അങ്കമാലി, ജോർജ്ജ് കോശി മൈലപ്ര എന്നിവർ പ്രസംഗിച്ചു. പി. ജെ. ആന്റണി കോഴിക്കോട്, കൊച്ചുബേബി, ഹൂസ്റ്റൻ തോമസുകുട്ടി, ഡാളസ് എന്നിവർ ഗാനങ്ങൾ അവതരിപ്പിച്ചു. കെ.സി.മത്തായി, വില്യം ജോൺ എന്നിവർ വിവിധ ശുശ്രൂഷകൾ ചെയ്തു.

## എസ്.ബി.എസ്. സ്പെഷ്യൽ ക്യാമ്പ്

ബിനു സാമുവേൽ

**ചരൽക്കുന്ന്:** അവധിക്കാലത്ത് യു. എസ്. എ., ഗൾഫ് തുടങ്ങിയ വിദേശരാജ്യങ്ങളിൽനിന്നും നാട്ടിലെത്തുന്ന കുട്ടികൾക്കും മാതാപിതാക്കൾക്കുമായി സുവിശേഷകൻ ബാലസംഘം സ്പെഷ്യൽ ക്യാമ്പ് ആഗസ്റ്റ് 2 ചൊവ്വാഴ്ച്ച വൈകിട്ട് 4 മണി മുതൽ 5 വെള്ളി 1:30 വരെ ചരൽക്കുന്ന് ക്യാമ്പ് സെന്ററിൽ നടത്തപ്പെടും.

ചൊവ്വാഴ്ച 6.30 മുതൽ നടക്കുന്ന പൊതുസമ്മേളനം ബ്രദർ ജോസ് മാത്യു ഉദ്ഘാടനം ചെയ്യും. കുട്ടികൾക്കും മാതാപിതാക്കൾക്കുമായി വിവിധ സെഷനുകൾ ക്യാമ്പിൽ ക്രമീകരിച്ചിട്ടുണ്ട്. സംഗീത അഭ്യസനം, ബൈബിൾ പഠനം, പവർ പോയിന്റ് ക്ലാസ്സുകൾ, ഭാരത സുവിശേഷീകരണത്തെക്കുറിച്ചുള്ള പ്രത്യേക സെഷനുകൾ, ആനുകാലിക ആത്മീയവിഷയങ്ങളെക്കുറിച്ചുള്ള പൊതു ചർച്ചകൾ, ബൈബിൾ മൽസരങ്ങൾ തുടങ്ങിയ പരിപാടികളും ഉണ്ടായിരിക്കുന്നതാണ്.

ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിച്ചുകൊള്ളുക എന്നതാണ് ചിന്താവിഷയം. സുവിശേഷകന്മാരായ ജോസ് മാത്യു, ജോയി ജോൺ, ഡോ. ജോൺ ഏബ്രഹാം, എബ്രഹാം തോമസ് (കൊച്ചി), ഡോ. ജോൺസൺ സി. ഫിലിപ്പ്, ഏബ്രഹാം തോമസ് (പുല്ലാട്), ബിനു സാമുവേൽ എന്നിവർ നേതൃത്വം നല്കും. ക്യാമ്പിൽ കുട്ടികളോടൊപ്പം മാതാപിതാക്കൾക്കും പങ്കെടുക്കുവാൻ അവസരമുണ്ട്.

## ഗോസ്പൽ മ്യൂസിക് ഫെസ്റ്റ് തിരുവല്ലയിൽ

**തിരുവല്ല:** തിരുവല്ലയിലും പരിസരങ്ങളിലുമുള്ള ബ്രദറൺ സഭകളുടെ ചുമതലയിൽ 2012 ഫെബ്രുവരി 24,25,26 തീയതികളിൽ തിരുവല്ലയിൽ ഗോസ്പൽ മ്യൂസിക് ഫെസ്റ്റ് നടക്കും. ചാണ്ടപ്പിള്ള ഫിലിപ്പ്, ആൽബേർട്ട് സുനിൽ, പി. ജി. ജെയിംസ് എന്നിവർ വചനശുശ്രൂഷ നിർവ്വഹിക്കും. എല്ലാ യുവഗായകരെയും അണിനിരത്തിയാവും ഗാനശുശ്രൂഷ.

ജനറൽ കൺവീനറായ എം. വി. സാമുവേലിന്റെ നേതൃത്വത്തിൽ 50പേർ അടങ്ങുന്ന കമ്മറ്റി പ്രവർത്തനം ആരംഭിച്ചു. ഫെബ്രുവരി 25ന് കുട്ടികൾക്കായി ചിൽഡ്രൻസ് ഫെസ്റ്റും നടക്കും. അലക്സ് മേൽപാടം, ചാൾസ് വർഗീസ്, രാജു കെ. തോമസ്, വി. ജോൺസൻ, സി. എം. ചാക്കോ എന്നിവർ വിവിധ കമ്മറ്റികൾക്ക് നേതൃത്വം വഹിക്കുന്നു. മൂന്നാമത് മ്യൂസിക് ഫെസ്റ്റാണ് ഫെബ്രുവരിയിൽ നടക്കുന്നത്.

## മലബാർ ബ്രദറൺ ബൈബിൾ സ്കൂൾ

**നീലേശ്വരം:** മലബാറിലെ സുവിശേഷവളർച്ച ലക്ഷ്യമിട്ട് സ്ഥാപിക്കപ്പെട്ടിട്ടുള്ള ബൈബിൾ സ്കൂൾ ത്രൈമാസ കോഴ്സുകളുടെ മൂന്നു ബാച്ചുകൾ പഠനം പൂർത്തിയാക്കി. അടുത്ത കോഴ്സ് ആഗസ്റ്റിൽ ആരംഭിക്കും. പഠനം പൂർത്തിയാക്കിയവർ ശുശ്രൂഷാരംഗത്ത് പ്രയോജനപ്പെടുന്നു.

### 4–ാ മത് ബാച്ച് ആഗസ്റ്റിൽ

4–ാ മത് ബാച്ച് ആഗസ്റ്റിൽ ആരംഭിക്കും. താമസവും ഭക്ഷണവും സൗജന്യം. വിദ്യാഭ്യാസ യോഗ്യത മാനദണ്ഡമല്ല. ബ്രദറൺ സമൂഹത്തിലെ പ്രഗത്ഭരായ വചനാദ്ധ്യാപകർ ക്ലാസ്സുകൾ എടുക്കും. വിശ്വാസികളുടെ ആത്മീക പുരോഗതിയും വചനബോധവും ലക്ഷ്യമിട്ട് സുൽത്താൻ ബത്തേരിയിലും പാലേമാടിലും ഒരാഴ്ച നീണ്ടുനിൽക്കുന്ന ക്ലാസ്സുകൾ നടത്തി. വിശ്വാസികളുടെ നല്ല സഹകരണവും പിന്തുണയും ലഭിച്ചു. പുതിയ ബാച്ചിലേക്കുള്ള അഡ്മിഷനും വിശദവിവരങ്ങൾക്കും ബന്ധപ്പെടുക.

**കെ.എം. ജോൺ 9495181788**

## വേദപുസ്തക വനിതകൾ

സഹോ: എം.വി. തോമസിന്റെ 42–ാമത് കൃതി. വേദപുസ്തകത്തിലെ 151 വനിതകളെക്കുറിച്ചുള്ള ധ്യാനപഠനം. 300 പേജ്. 180 രൂപാ. ആഗസ്റ്റ് ഒടുവിൽ പ്രസിദ്ധീകരണം. പ്രീ പബ്ലിക്കേഷൻ 120 രൂപാ. എം. ഓ. മാത്രം. ഫ്രീഡം, വടക്കടത്തുകാവ് അടൂർ 691529.






*ബ്രദർ ജി. തിമോത്തി ഗാന്ധിധാമിൽ തദ്ദേശീയരായ കച്ച്, തെലുങ്ക് വിഭാഗങ്ങൾക്കുവേണ്ടി നടത്തിയ ഏകദിനസെമിനാറിൽ ബ്രദർ ജോസ് ഡാലി (ഗുജറാത്ത്) ദൈവവചനം സംസാരിക്കുന്നു. 750ൽ പരം ആളുകൾ സംബന്ധിച്ചു. പലരും തീരുമാനങ്ങൾ കൈക്കൊണ്ടു.*

## ഷാർജാ ബിലീവേഴ്സ് അസംബ്ലി സുവിശേഷ ക്യാമ്പ് അടിച്ചിപ്പുഴയിൽ

**അടിച്ചിപ്പുഴ (റാന്നി):** മദ്യത്തിനും മയക്കുമരുന്നുകൾക്കും അടിമകളായും ചൂഷണത്തിന് വിധേയരായും കഴിഞ്ഞിരുന്ന മലവേടർ ആദിവാസി കോളനികളിൽ ദൈവസ്നേഹത്തിന്റെ ഘോഷസ്വരം ഉയരുന്നു. കഴിഞ്ഞ അഞ്ചുവർഷത്തെ കഠിനമായ സമർപ്പണത്തിന്റെയും ത്യാഗനിർഭര ശുശ്രൂഷയുടെയും വിലമതിക്കാനാവാത്ത സമ്മാനമാണ് 11 കുടുംബങ്ങളിൽ തെളിഞ്ഞ ആത്മീക തിരിനാളം.

റാന്നി സീയോൻകുന്ന് സഭാംഗമായ ബ്രദർ വർഗീസ് തോമസും സഹപ്രവർത്തകരും നടത്തിയ കഠിനമായ ആത്മീക പോരാട്ടങ്ങളിൽ ക്രിസ്തുവിനും സുവിശേഷത്തിനും അടിയറവു പറഞ്ഞത് കോടതിയുടെയും പോലീസിന്റെയും ശിക്ഷയുടെയും മുന്നിൽ തല കുനിക്കാഞ്ഞ പലരുമാണ്. കുടുംബസമാധാനം നഷ്ടപ്പെട്ടവരും വ്യാജവാറ്റിലും അടിപിടി അക്രമങ്ങളിലും പേരുകേട്ടവരുമായ ആദിവാസികൾ ഇന്ന് തിരുവചനം കയ്യിലേന്തി സുവിശേഷത്തിന്റെ സാക്ഷികളായിരിക്കുന്നു.

അടിച്ചിപ്പുഴ ആദിവാസി ഊരിൽനിന്നും അമ്പലപ്പുരമ്പിൽ കൃഷ്ണൻകുട്ടി കുമ്പനാട് ബഥനി ബൈബിൾ സ്കൂളിൽ വചനപരിശീലനം നേടി. കർതൃശുശ്രൂഷയുടെ ഭാഗവുമായി മാറിയിരിക്കുന്നു. ജൂലൈ 28, 29,30 തീയതികളിൽ ഷാർജാ ബിലീവേഴ്സ് അസംബ്ലി അടിച്ചിപ്പുഴ കേന്ദ്രമാക്കി സുവിശേഷക്യാമ്പ് നടത്തുന്നു. കരികുളം, ചൊള്ളനാവയൽ എന്നീ കോളനികളിലും ഭവനസന്ദർശനവും പരസ്യയോഗങ്ങളും രാത്രിയോഗങ്ങളും നടക്കും.

രാത്രിയോഗങ്ങളിൽ സഹോദരന്മാരായ കെ.വി. മാത്യു, സാമുവേൽ ഏബ്രഹാം, ഡോ. കെ. സി. ജോൺസൻ എന്നിവർ പ്രസംഗിക്കും. പകൽ നടക്കുന്ന ബൈബിൾക്ലാസ്സുകളിൽ ചാൾസ് ജോൺ, സാം ഫിലിപ്പ്, സി. റ്റി. ജോണിക്കുട്ടി എന്നിവർ വചനം പങ്കുവയ്ക്കും. ജോൺലി ചാൾസ് ഗാനശുശ്രൂഷയ്ക്ക് നേതൃത്വം നല്കും. ഫിലിം പ്രദർശനവും ഉണ്ടായിരിക്കും. പത്തനംതിട്ട ബി. ബി. ഐയിൽനിന്നുള്ള ടീം മൂന്നു ദിവസവും ശുശ്രൂഷകളിൽ സഹകരിക്കും. ഫലകരമായ ഒരു ആത്മീക കൊയ്ത്തിനായി താല്പര്യപൂർവ്വം പ്രാർത്ഥിക്കാം.

## ആസാമിലെ സുവിശേഷവയലിൽ

**പുല്ലാട്:** ബഥേൽ ബ്രദറൺ ചർച്ച് അംഗമായ ഡേവിഡ്സൺ ആസാമിലെ ചബുവ എന്ന സ്ഥലത്ത് ഒരു വർഷമായി പ്രവർത്തിച്ചു വരുന്നു. സ്ഥലംസഭാ സ്ഥാപന ലക്ഷ്യത്തിൽ പ്രവർത്തിച്ചുവരുന്ന സഹോദരനെ പ്രാർത്ഥനയിൽ ഓർത്താലും. പത്തനംതിട്ട ബി.ബി.ഐ യിൽ വചനപഠനം പൂർത്തിയാക്കിയ സഹോദരനാണ്.

**P.B. Davidson, C/o. Aby sam, Church Road, Chabua P.O., Dibrugrah, Assam 786184.**

Printed, published by P.E. Samkutty on behalf of BCCF Printed at Puthethu Offset, Kallissery. For Private Circulation Only